187

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും, അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) ആക്റ്റ്, 1995

## (1996-ലെ 1-ാം നമ്പർ ആക്റ്റ്)

(2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE PERSONS WITH DISABILITIES (EQUAL OPPORTUNITIES, PROTECTION OF RIGHTS AND FULL PARTICIPATION) ACT, 1995

## (ACT No. 1 OF 1996)

(As on 30th March, 2006)

വില : രൂപ 55.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2006.

## ആമുഖം

2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും, അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995 (1996-ലെ 1-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2006 ജൂലൈ 17-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 62 മുതൽ 88 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായി തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 (Act No. 1 of 1996) as on 30th March, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. I, dated 17th July, 2006 on pages 62 to 88.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/3831/2006/DTP

# വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും, അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995

(1996-ലെ 1-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

അദ്ധ്യായം I

പ്രാരംഭികം


| വകുപ്പുകൾ | | | പേജ് |
|---|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. | 1 |
| 2. | നിർവചനങ്ങൾ | .. | 1 |

അദ്ധ്യായം II

കേന്ദ്ര ഏകോപന സമിതി

| | | | |
|---|---|---|---|
| 3. | കേന്ദ്ര ഏകോപന സമിതി | .. | 4 |
| 4. | അംഗങ്ങളുടെ ഉദ്യോഗ കാലാവധി | .. | 5 |
| 5. | അയോഗ്യതകൾ | .. | 6 |
| 6. | അംഗങ്ങൾ സ്ഥാനം ഒഴിയുന്നത് | .. | 6 |
| 7. | കേന്ദ്ര ഏകോപന സമിതിയുടെ യോഗങ്ങൾ | .. | 6 |
| 8. | കേന്ദ്ര ഏകോപന സമിതിയുടെ ചുമതലകൾ | .. | 6 |
| 9. | കേന്ദ്ര നിർവാഹക സമിതി | .. | 7 |
| 10. | കേന്ദ്ര നിർവാഹക സമിതിയുടെ ചുമതലകൾ | .. | 8 |
| 11. | കേന്ദ്ര നിർവാഹക സമിതിയുടെ യോഗങ്ങൾ | .. | 8 |
| 12. | പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി കേന്ദ്ര നിർവാഹക സമിതിയുമായി വ്യക്തികളുടെ താത്ക്കാലിക സഹകരണം | .. | 8 |

അദ്ധ്യായം III

സംസ്ഥാന ഏകോപന സമിതി

| | | | |
|---|---|---|---|
| 13. | സംസ്ഥാന ഏകോപന സമിതി | .. | 8 |
| 14. | അംഗങ്ങളുടെ സേവനത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും | .. | 9 |
| 15. | അയോഗ്യതകൾ | .. | 10 |
| 16. | സ്ഥാനങ്ങൾ ഒഴിയുന്നത് | .. | 11 |
| 17. | സംസ്ഥാന ഏകോപന സമിതിയുടെ യോഗങ്ങൾ | .. | 11 |
| 18. | സംസ്ഥാന ഏകോപന സമിതിയുടെ ചുമതലകൾ | .. | 11 |
| 19. | സംസ്ഥാന നിർവാഹക സമിതി | .. | 11 |
| 20. | സംസ്ഥാന നിർവാഹക സമിതിയുടെ ചുമതലകൾ | .. | 12 |

| | | | |
|---|---|---|---|
| 21. | സംസ്ഥാന നിർവാഹക സമിതിയുടെ യോഗങ്ങൾ | .. | 12 |
| 22. | പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി സംസ്ഥാന നിർവാഹക സമിതിയുമായി വ്യക്തികളുടെ താത്ക്കാലിക സഹകരണം | .. | 12 |
| 23. | നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം | .. | 12 |
| 24. | ഒഴിവുകൾ നടപടികളെ അസാധുവാക്കുന്നില്ലെന്ന് | .. | 13 |


## അദ്ധ്യായം IV

## വൈകല്യങ്ങളുടെ പ്രതിരോധവും പ്രാരംഭത്തിലുള്ള കണ്ടെത്തലും


| | | | |
|---|---|---|---|
| 25. | സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും അവശതകൾ സംഭവിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് | .. | 13 |


## അദ്ധ്യായം V

## വിദ്യാഭ്യാസം


| | | | |
|---|---|---|---|
| 26. | സമുചിതസർക്കാരുകളും തദ്ദേശ അധികാര സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം മുതലായവ നൽകണമെന്ന് | .. | 13 |
| 27. | സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും അനൗപചാരിക വിദ്യാഭ്യാസം മുതലായവയ്ക്ക് പദ്ധതികളും കർമ്മപരിപാടികളും തയ്യാറാക്കുക | .. | 14 |
| 28. | പുതിയ സഹായോപകരണങ്ങൾ, അദ്ധ്യാപന സഹായികൾ മുതലായവ രൂപകൽപ്പന ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഗവേഷണം | .. | 14 |
| 29. | വൈകല്യങ്ങളുള്ള കുട്ടികൾക്കായുള്ള വിദ്യാലയങ്ങൾക്കുവേണ്ടി പരിശീലനം ലഭിച്ച മനുഷ്യശക്തി വികസിപ്പിച്ചെടുക്കുന്നതിന് സമുചിതസർക്കാരുകൾ, അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്ന് | .. | 14 |
| 30. | ഗതാഗത സൗകര്യങ്ങൾ, പുസ്തക വിതരണം മുതലായവ ഏർപ്പെടുത്തുന്നതിനുവേണ്ടി സർക്കാരുകൾ ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കണമെന്ന് | .. | 14 |
| 31. | വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാഴ്ചയ്ക്ക് തടസ്സമുള്ള വിദ്യാർത്ഥികൾക്ക് കേട്ടെഴുത്തുകാരനെ ഏർപ്പെടുത്തണമെന്ന് | .. | 15 |


## അദ്ധ്യായം VI

## ജീവനം


| | | | |
|---|---|---|---|
| 32. | വൈകല്യങ്ങളുള്ള ആളുകൾക്ക് സംവരണം ചെയ്യാവുന്ന തസ്തികകൾ തിരിച്ചറിയൽ | .. | 15 |
| 33. | തസ്തികകൾ സംവരണം ചെയ്യൽ | .. | 15 |

| | | | |
|---|---|---|---|
| 34. | പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | .. | 15 |
| 35. | ഏതൊരു സ്ഥാപനത്തിന്റെയും കൈവശമുള്ള രേഖയോ പ്രമാണമോ പരിശോധിക്കാനുള്ള അധികാരം | .. | 16 |
| 36. | നികത്താത്ത ഒഴിവുകൾ എടുത്തെഴുതണമെന്ന് | .. | 16 |
| 37. | തൊഴിൽദായകർ രേഖകൾ സൂക്ഷിക്കണമെന്ന് | .. | 16 |
| 38. | വൈകല്യങ്ങളുള്ള ആളുകൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ | .. | 16 |
| 39. | എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള ആളുകൾക്ക് സീറ്റുകൾ സംവരണം ചെയ്യണമെന്ന് | .. | 16 |
| 40. | ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിൽ ഒഴിവുകൾ സംവരണം ചെയ്യപ്പെടണമെന്ന് | .. | 17 |
| 41. | തൊഴിൽശക്തിയുടെ അഞ്ചുശതമാനം വൈകല്യങ്ങളുള്ള ആളുകൾ ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിന് തൊഴിൽദായകർക്ക് പ്രോൽസാഹനങ്ങൾ | .. | 17 |


അദ്ധ്യായം VII

സ്വീകാരാത്മകമായ നടപടി


| | | | |
|---|---|---|---|
| 42. | വൈകല്യങ്ങളുള്ള ആളുകൾക്ക് സഹായങ്ങളും ഉപകരണങ്ങളും | .. | 17 |
| 43. | ചില ആവശ്യങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ഭൂമി വിഭജിച്ച് നൽകുന്നതിനുള്ള പദ്ധതികൾ | .. | 17 |


അദ്ധ്യായം VIII

വിവേചനരാഹിത്യം


| | | | |
|---|---|---|---|
| 44. | ഗതാഗതത്തിൽ വിവേചനരാഹിത്യം | .. | 17 |
| 45. | നിരത്തുകളിൽ വിവേചനരാഹിത്യം | .. | 17 |
| 46. | നിർമ്മിത പരിസ്ഥിതികളിൽ വിവേചനരാഹിത്യം | .. | 18 |
| 47. | സർക്കാർ ജീവനത്തിൽ വിവേചനരാഹിത്യം | .. | 18 |


അദ്ധ്യായം IX

ഗവേഷണവും മനുഷ്യശക്തി വികസനവും


| | | | |
|---|---|---|---|
| 48. | ഗവേഷണം | .. | 18 |
| 49. | ഗവേഷണം ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് സർവ്വകലാശാലകൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ | .. | 19 |


അദ്ധ്യായം X

വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളെ അംഗീകരിക്കൽ


| | | | |
|---|---|---|---|
| 50. | ക്ഷമതയുള്ള അധികാരസ്ഥാനം | .. | 19 |

51. യാതൊരാളും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാര മല്ലാതെ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി ഒരു സ്ഥാപനം സ്ഥാപിക്കുവാനോ പരിപാലിക്കുവാനോ പാടുള്ളതല്ലെന്ന് .. 19

52. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് .. 19

53. സർട്ടിഫിക്കറ്റ് റദ്ദാക്കൽ .. 20

54. അപ്പീൽ .. 20

55. കേന്ദ്ര സർക്കാരോ സംസ്ഥാനസർക്കാരോ സ്ഥാപിച്ചിട്ടുള്ളതോ നടത്തിപ്പോരുന്നതോ ആയ സ്ഥാപനങ്ങൾക്ക് ഈ ആക്റ്റ് ബാധകമല്ലെന്ന് .. 20

## അദ്ധ്യായം XI

## ഗുരുതരമായ വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ

56. ഗുരുതരമായ വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ .. 21

## അദ്ധ്യായം XII

## വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള മുഖ്യ കമ്മീഷണറും കമ്മീഷണറുമാരും

57. വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള മുഖ്യകമ്മീഷണ റുടെ നിയമനം .. 21

58. മുഖ്യകമ്മീഷണറുടെ ചുമതലകൾ .. 22

59. വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ഇല്ലാതാക്കു ന്നത് സംബന്ധിച്ച പരാതികൾ മുഖ്യകമ്മീഷണർ പരിശോധി ക്കണമെന്ന് .. 22

60. വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടി കമ്മീഷണർമാരെ നിയമിക്കൽ .. 22

61. കമ്മീഷണറുടെ അധികാരങ്ങൾ .. 23

62. വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ഇല്ലാതാക്കു ന്നത് സംബന്ധിച്ച സംഗതികളെപ്പറ്റിയുള്ള പരാതികൾ കമ്മീഷണർ പരിശോധിക്കണമെന്ന് .. 23

63. അധികാരസ്ഥാനങ്ങൾക്കും ആഫീസർമാർക്കും സിവിൽ കോടതിയുടെ ചില അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന് .. 23

64. മുഖ്യകമ്മീഷണർ വാർഷിക റിപ്പോർട്ട് തയ്യാറാക്കണമെന്ന് .. 24

65. കമ്മീഷണർമാർ വാർഷിക റിപ്പോർട്ട് തയ്യാറാക്കണമെന്ന് .. 24

അദ്ധ്യായം XIII

സാമൂഹ്യ സുരക്ഷിതത്വം


| | | | |
|---|---|---|---|
| 66. | സമുചിതസർക്കാരുകളും തദ്ദേശാധികാരസ്ഥാപനങ്ങളും പുനരധിവാസം ഏറ്റെടുക്കണമെന്ന് | .. | 24 |
| 67. | വൈകല്യങ്ങളുള്ള ജീവനക്കാർക്ക് വേണ്ടിയുള്ള ഇൻഷുറൻസ് പദ്ധതി | .. | 24 |
| 68. | തൊഴിലില്ലായ്മാ ബത്ത | .. | 24 |


അദ്ധ്യായം XIV

പലവക


| | | | |
|---|---|---|---|
| 69. | വൈകല്യങ്ങളുള്ള ആളുകളെ ഉദ്ദേശിച്ചുള്ള ഏതെങ്കിലും ആനുകൂല്യങ്ങൾ വഞ്ചനാപരമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ശിക്ഷ | .. | 25 |
| 70. | മുഖ്യകമ്മീഷണറും കമ്മീഷണർമാരും ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും പബ്ളിക് സർവന്റുമാരായിരിക്കുമെന്ന് | .. | 25 |
| 71. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം | .. | 25 |
| 72. | ആക്റ്റ് മറ്റ് ഏതെങ്കിലും നിയമത്തിനോട് കൂട്ടിച്ചേർക്കുന്നതാണെന്നും ന്യൂനത വരുത്തുന്നതല്ലെന്നും | .. | 25 |
| 73. | സമുചിതസർക്കാരിന് ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം | .. | 25 |

# വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും, അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995

## (1996-ലെ 1-ാം നമ്പർ ആക്റ്റ്)

[1996 ജനുവരി, 1]

ഏഷ്യയിലെയും ശാന്തസമുദ്ര മേഖലയിലെയും വൈകല്യങ്ങളുള്ള ആളുകളുടെ പൂർണ്ണ പങ്കാളിത്തവും സമത്വവും സംബന്ധിച്ച വിളംബരത്തിന് പ്രഭാവം നൽകുന്നതിനുള്ള

ഒരു
ആക്റ്റ്

ഏഷ്യയിലെയും ശാന്തസമുദ്ര മേഖലയിലെയും വൈകല്യങ്ങളുള്ള ആളുകളുടെ 1993-2002 ദശാബ്ദം സമാരംഭിക്കുന്നതിനായി ഏഷ്യയ്ക്കും ശാന്തസമുദ്രമേഖലയ്ക്കും വേണ്ടിയുള്ള ഇക്കണോമിക് ആൻഡ് സോഷ്യൽ കമ്മീഷൻ 1992 ഡിസംബർ 1-ാം തീയതി മുതൽ 5-ാം തീയതി വരെ ബെയ്ജിംഗിൽ നടത്തിയ സമ്മേളനത്തിൽ വച്ച് ഏഷ്യയിലെയും ശാന്തസമുദ്രമേഖലയിലെയും വൈകല്യങ്ങളുള്ള ആളുകളുടെ പൂർണ്ണ പങ്കാളിത്തവും സമത്വവും സംബന്ധിച്ച വിളംബരം അംഗീകരിച്ചിട്ടുള്ളതിനാലും ;

പ്രസ്തുത വിളംബരത്തിൽ ഭാരതം ഒപ്പ് വച്ചിട്ടുള്ളതിനാലും ;

മേൽപ്പറഞ്ഞ വിളംബരം പ്രാവർത്തികമാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*—(1) ഈ ആക്റ്റിന് വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും, അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെയുള്ള ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി[1] മുതൽ പ്രാബല്യത്തിൽവരുന്നതാകുന്നു.

2. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സമുചിതസർക്കാർ" എന്നാൽ,—

(i) കേന്ദ്രസർക്കാർ അല്ലെങ്കിൽ ആ സർക്കാർ പൂർണ്ണമായോ ഗണ്യമായോ ധനസഹായം ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനം അല്ലെങ്കിൽ കന്റോൺമെന്റ് ആക്റ്റ് 1924 പ്രകാരം രൂപീകരിച്ച ഒരു കന്റോൺമെന്റ് ബോർഡ് സംബന്ധിച്ച്, കേന്ദ്രസർക്കാർ ;

(ii) ഒരു സംസ്ഥാനസർക്കാർ അല്ലെങ്കിൽ ആ സർക്കാർ പൂർണ്ണമായോ ഗണ്യമായോ ധനസഹായം ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനം അല്ലെങ്കിൽ ഒരു കന്റോൺമെന്റ് ബോർഡ് അല്ലാത്ത ഏതെങ്കിലും തദ്ദേശ അധികാരസ്ഥാപനം സംബന്ധിച്ച്, ആ സംസ്ഥാനസർക്കാർ ;

(iii) കേന്ദ്ര ഏകോപന സമിതിയെയും കേന്ദ്ര നിർവാഹക സമിതിയെയും സംബന്ധിച്ച്, കേന്ദ്രസർക്കാർ ;

(iv) സംസ്ഥാന ഏകോപന സമിതിയെയും സംസ്ഥാന നിർവാഹക സമിതിയെയും സംബന്ധിച്ച്, ആ സംസ്ഥാനസർക്കാർ, എന്നർത്ഥമാകുന്നു.

---

1. 17-2-1996-ലെ വിജ്ഞാപനം നമ്പർ എസ്. ഒ. 107 (ങ) പ്രകാരം 1996 ഫെബ്രുവരി മാസം 7-ാം തീയതി പ്രാബല്യത്തിൽ വന്നു.

(ഖ) "അന്ധത" എന്നാൽ, താഴെപ്പറയുന്ന ഏതെങ്കിലും അവസ്ഥയിൽ നിന്നും ഒരാൾ ക്ലേശിക്കുന്ന ഒരു അവസ്ഥ എന്ന പരാമർശമാകുന്നു, അതായത്:—

(i) കാഴ്ചയുടെ പൂർണ്ണമായ അഭാവം ; അല്ലെങ്കിൽ

(ii) കറക്റ്റിംഗ് ലെൻസുകളോടുകൂടിയ മെച്ചപ്പെട്ട ദൃഷ്ടിയിലൂടെ (സ്നെല്ലൻ)6/60-ഓ 20/200-ഓ അധികരിക്കാത്ത ദൃശ്യസൂക്ഷ്മത ; അല്ലെങ്കിൽ

(iii) കാഴ്ചയുടെ പരിമിതി ഒരു 20 ഡിഗ്രി കോണിൽ പരക്കുന്നത് അല്ലെങ്കിൽ അതിലും മോശമായത് ;

(ഗ) "കേന്ദ്ര ഏകോപന സമിതി" എന്നാൽ, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേന്ദ്ര ഏകോപനസമിതി എന്നർത്ഥമാകുന്നു;

(ഘ) "കേന്ദ്ര കാര്യനിർവാഹക സമിതി" എന്നാൽ, 9-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച കേന്ദ്ര കാര്യനിർവാഹക സമിതി എന്നർത്ഥമാകുന്നു;

(ങ) "മസ്തിഷ്ക തളർവാതം" എന്നാൽ, മസ്തിഷ്കത്തിന്റെ ക്രമരഹിതമായ പ്രവർത്തനത്തിനാലോ ജനനത്തിന് മുമ്പോ ജനനവുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ വളർച്ചയുടെ ശൈശവദശയിലോ സംഭവിച്ച മസ്തിഷ്ക ക്ഷതത്താലോ മുറിവിനാലോ ഉളവാകുന്ന അസാധാരണമായ മോട്ടോർ കൺട്രോൾ പോസ്ചർ എന്ന് വിശേഷിപ്പിക്കാവുന്ന, ഒരാളുടെ വളർച്ചരഹിതാവസ്ഥയുടെ ഒരു ഗണം എന്നർത്ഥമാകുന്നു;

(ച) "മുഖ്യകമ്മീഷണർ" എന്നാൽ, 57-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട മുഖ്യകമ്മീഷണർ എന്നർത്ഥമാകുന്നു;

(ഛ) "കമ്മീഷണർ" എന്നാൽ, 60-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട കമ്മീഷണർ എന്നർത്ഥമാകുന്നു;

(ജ) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ, 50-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഝ) "വൈകല്യം" എന്നാൽ,—

(i) അന്ധത;

(ii) കാഴ്ചക്കുറവ്;

(iii) കുഷ്ഠരോഗം ഭേദമായ അവസ്ഥ;

(iv) ശ്രവണക്ഷയം;

(v) ചലനപരമായ വൈകല്യം;

(vi) ബുദ്ധിമാന്ദ്യം;

(vii) മനോരോഗം; എന്ന് അർത്ഥമാകുന്നു;

(ഞ) "തൊഴിൽദായകൻ" എന്നാൽ,—

(i) ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം, ഇതിലേക്കായി വകുപ്പുമേധാവി വിജ്ഞാപനം ചെയ്തിട്ടുള്ള അധികാരസ്ഥാനം അല്ലെങ്കിൽ അങ്ങനെയുള്ള അധികാരസ്ഥാനത്തെ വിജ്ഞാപനം ചെയ്തിട്ടില്ലാത്തിടത്ത് വകുപ്പുമേധാവി എന്നും ;

(ii) ഒരു സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം, ആ സ്ഥാപനത്തിലെ മുഖ്യ കാര്യനിർവാഹക ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ട) "സ്ഥാപനം" എന്നാൽ, കേന്ദ്രത്തിന്റെയോ പ്രവിശ്യയുടെയോ സംസ്ഥാനത്തിന്റെയോ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ സ്ഥാപിക്കപ്പെട്ട ഒരു കോർപ്പറേഷൻ അല്ലെങ്കിൽ സർക്കാരിന്റെയോ ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ധനസഹായത്തിലോ ഉള്ള ഒരു അധികാരസ്ഥാനം അല്ലെങ്കിൽ ഒരു നികായം അല്ലെങ്കിൽ കമ്പനികൾ, ആക്റ്റ് 1956 (1956-ലെ 1)-ലെ 617-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള ഒരു സർക്കാർ കമ്പനി എന്നർത്ഥമാകുന്നതും ഒരു സർക്കാരിന്റെ വകുപ്പുകൾ ഉൾപ്പെടുന്നതും ആകുന്നു;

(ഠ) "ശ്രവണക്ഷയം" എന്നാൽ, ഒരു മെച്ചപ്പെട്ട കർണ്ണത്തിൽ പതിക്കുന്ന സംഭാഷണ ശബ്ദതരംഗങ്ങളുടെ ദോലന നിരക്ക് അറുപത് ഡസിബലോ അതിൽ കൂടുതലോ നഷ്ടമാകുന്നത് എന്നർത്ഥമാകുന്നു;

(ഡ) "വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള സ്ഥാപനം" എന്നാൽ, വൈകല്യങ്ങളുള്ള ആളുകളെ സ്വീകരിക്കുകയോ ശുശ്രൂഷിക്കുകയോ സംരക്ഷിക്കുകയോ വിദ്യാഭ്യാസം നൽകുകയോ പരിശീലിപ്പിക്കുകയോ പുനരധിവസിപ്പിക്കുകയോ മറ്റെന്തെങ്കിലും സേവനം നൽകുകയോ ചെയ്യുന്നതിനുള്ള ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(ഢ) "കുഷ്ഠരോഗം ഭേദമായ ആൾ" എന്നാൽ, കുഷ്ഠരോഗം ഭേദമായ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, എന്നാൽ,—

(i) കൈകളുടെയോ കാലുകളുടെയോ സ്പർശനശക്തി നഷ്ടപ്പെടുകയും അതുപോലെതന്നെ കണ്ണിന്റെയും കൺപോളയുടെയും സ്പർശനശക്തി നഷ്ടപ്പെടുകയും ഭാഗിക പക്ഷാഘാതം ഉണ്ടാവുകയും എന്നാൽ പ്രത്യക്ഷമായ വൈരൂപ്യം ഇല്ലാതിരിക്കുകയും ;

(ii) പ്രത്യക്ഷമായ വൈരൂപ്യവും ഭാഗിക പക്ഷാഘാതവും ഉണ്ടായിരിക്കുകയും എന്നാൽ സാധാരണ അർത്ഥസമ്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവർക്ക് സഹായകമാകത്തക്കവിധം അവരുടെ കൈകൾക്കും കാലുകൾക്കും മതിയായ ചലനശേഷി ഉണ്ടായിരിക്കുകയും ;

(iii) ഏതെങ്കിലും ലാഭകരമായ ജോലി ഏറ്റെടുക്കുന്നതിൽനിന്നും അയാളെ തടയുന്ന പരമാവധി ശാരീരിക വൈരൂപ്യവും അതുപോലെതന്നെ പ്രായാധിക്യംമൂലം കഷ്ടതയനുഭവിക്കുകയും ചെയ്യുന്ന ആൾ എന്നും "കുഷ്ഠരോഗം ഭേദമായ" എന്ന പദപ്രയോഗത്തിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതുമാണ് ;

(ണ) "ചലനപരമായ വൈകല്യം" എന്നാൽ, എല്ലുകളുടെയോ അവയവങ്ങളുടെയോ ചലനങ്ങളെ സാമമായി നിയന്ത്രിക്കുന്നതിലേക്ക് നയിക്കുന്ന സന്ധികളുടെ അല്ലെങ്കിൽ മാംസപേശികളുടെ വൈകല്യം അല്ലെങ്കിൽ ഏതെങ്കിലും രൂപത്തിലുള്ള മസ്തിഷ്കസ്തംഭനമോ തളർവാതമോ എന്നർത്ഥമാകുന്നു ;

(ത) "മെഡിക്കൽ അധികാരസ്ഥാനം" എന്നാൽ, സമുചിതസർക്കാർ വിജ്ഞാപനം മുഖേന ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി പറഞ്ഞിട്ടുള്ള ഏതെങ്കിലും ആശുപത്രിയോ സ്ഥാപനമോ എന്നർത്ഥമാകുന്നു ;

(ഥ) "മനോരോഗം" എന്നാൽ, ബുദ്ധിമാന്ദ്യമല്ലാത്ത ഏതെങ്കിലും മാനസിക ക്രമക്കേട് എന്നർത്ഥമാകുന്നു ;

(ദ) "ബുദ്ധിമാന്ദ്യം" എന്നാൽ, ഒരാളുടെ വിഘാതമായ അല്ലെങ്കിൽ അപൂർണ്ണമായ മാനസിക വികാസം പ്രത്യേകിച്ച് അത് സാധാരണത്വത്തിലും താഴെയായ ബുദ്ധി എന്ന് വിശേഷിപ്പിക്കാവുന്ന ഒരു അവസ്ഥ എന്നർത്ഥമാകുന്നു ;

(ധ) "വിജ്ഞാപനം" എന്നാൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ന) "വൈകല്യമുള്ള ആൾ" എന്നാൽ, ഒരു മെഡിക്കൽ അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തിയ നാൽപ്പത് ശതമാനത്തിൽ കുറയാത്ത ഏതെങ്കിലും വൈകല്യത്താൽ ദുരിതമനുഭവിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(പ) "കാഴ്ചക്കുറവുള്ള ആൾ" എന്നാൽ, ചികിത്സയ്ക്കുശേഷമോ സ്റ്റാൻഡേർഡ് അപഭ്രംശ തിരുത്തലിനുശേഷമോ കാഴ്ചക്ഷയമുള്ളതും എന്നാൽ ഉചിതമായ സഹായോപകരണത്തോടുകൂടി ഒരു കഠിനജോലി ആസൂത്രണം ചെയ്യുകയോ നടപ്പിലാക്കുകയോ ചെയ്യുന്നതിനുവേണ്ടി കാഴ്ച പ്രയോജനപ്പെടുത്തുകയോ സമർത്ഥമായി പ്രയോജനപ്പെടുത്തുവാൻ കഴിയുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(ഫ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ബ) "പുനരധിവാസം" എന്നാൽ, വൈകല്യങ്ങളുള്ള ആളുകളെ, അവരുടെ കായികവും ഇന്ദ്രിയപരവും ബുദ്ധിപരവും മാനസികവുമായ ശേഷിയും അല്ലെങ്കിൽ സാമൂഹിക പ്രവർത്തനതലങ്ങളെയും ഏറ്റവും അനുകൂലമായ അവസ്ഥയിൽ എത്തിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഒരു പ്രക്രിയ എന്ന് പരാമർശിക്കാവുന്നതാണ്.

(ഭ) "പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്" എന്നാൽ—

(i) വൈകല്യങ്ങളാൽ കഷ്ടപ്പെടുന്ന ആളുകളുടെ ഇടയിൽനിന്നും ജീവനക്കാരെ ജോലിക്കു നിയമിക്കുവാൻ അന്വേഷിക്കുന്ന ആളുകൾ ;

(ii) ജോലി അന്വേഷിക്കുന്ന വൈകല്യങ്ങളുള്ള ആളുകൾ ;

(iii) ജോലി അന്വേഷിക്കുന്ന വൈകല്യമുള്ള ആളിനെ നിയമിക്കാവുന്ന ഒഴിവുകൾ ;

എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചുകൊണ്ടോ മറ്റ് വിധത്തിലോ വിവരങ്ങൾ ശേഖരിക്കുന്നതിനും നൽകുന്നതിനുമായി സർക്കാർ സ്ഥാപിച്ചതോ പരിപാലിക്കുന്നതോ ആയ ഏതെങ്കിലും ആഫീസ് അല്ലെങ്കിൽ സ്ഥലം എന്നർത്ഥമാകുന്നു ;

(മ) "സംസ്ഥാന ഏകോപന സമിതി" എന്നാൽ, 13-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച സംസ്ഥാന ഏകോപന സമിതി എന്നർത്ഥമാകുന്നു ;

(യ) "സംസ്ഥാന കാര്യനിർവാഹക സമിതി" എന്നാൽ, 19-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച സംസ്ഥാന കാര്യനിർവാഹക സമിതി എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## കേന്ദ്ര ഏകോപന സമിതി

3. ***കേന്ദ്ര ഏകോപനസമിതി.***—(1) കേന്ദ്രസർക്കാർ വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചുകൊടുത്ത കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും കേന്ദ്ര ഏകോപന സമിതി എന്നറിയപ്പെടുന്ന ഒരു നികായം, രൂപീകരിക്കേണ്ടതാണ്.

(2) കേന്ദ്ര ഏകോപനസമിതിയിൽ,—

(ക) കേന്ദ്രസർക്കാരിലെ ക്ഷേമവകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ധ്യക്ഷൻ, എക്സ് ഒഫിഷ്യോ;

(ഖ) കേന്ദ്രസർക്കാരിലെ ക്ഷേമവകുപ്പിന്റെ ചുമതലയുള്ള സഹമന്ത്രി, ഉപാദ്ധ്യക്ഷൻ, എക്സ് ഒഫിഷ്യോ ;

(ഗ) ക്ഷേമം, വിദ്യാഭ്യാസം, വനിത-ശിശു സംരക്ഷണം, എക്സ്പെൻഡിച്ചർ, പേഴ്സണൽ, ട്രെയിനിംഗ് ആന്റ് പബ്ളിക് ഗ്രീവൻസ്, ആരോഗ്യം, ഗ്രാമവികസനം, വ്യാവസായിക വികസനം, നഗരകാര്യവും തൊഴിലും, ശാസ്ത്രസാങ്കേതികം, നിയമകാര്യം, പബ്ളിക് എന്റർപ്രൈസസ് എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഭാരതസർക്കാരിന്റെ സെക്രട്ടറിമാർ, അംഗങ്ങൾ, എക്സ് ഒഫിഷ്യോ ;

(ഘ) മുഖ്യ കമ്മീഷണർ, അംഗം, എക്സ് ഒഫിഷ്യോ ;

(ങ) റെയിൽവേ ബോർഡ് ചെയർമാൻ, അംഗം, എക്സ് ഒഫിഷ്യോ ;

(ച) തൊഴിൽ എംപ്ളോയ്മെന്റ് ആൻഡ് ട്രെയിനിംഗ് ഡയറക്ടർ-ജനറൽ അംഗം, എക്സ് ഒഫിഷ്യോ ;

(ഛ) നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് ഡയറക്ടർ, അംഗം, എക്സ് ഒഫിഷ്യോ ;

(ജ) പാർലമെന്റിലെ മൂന്ന് അംഗങ്ങൾ, അവരിൽ രണ്ട് പേർ ലോകസഭയിൽ നിന്നും ഒരാൾ രാജ്യസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ടതാകുന്നു, അംഗങ്ങൾ ;

(ഝ) കേന്ദ്രസർക്കാർ, ആ സർക്കാരിന്റെ അഭിപ്രായത്തിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ടതാണെന്ന് കരുതുന്ന താൽപ്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി, നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് ആളുകൾ, അംഗങ്ങൾ ;

(ഞ) (i) ഡറാഡൂണിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഹാൻഡിക്യാപ്പ്ഡ്;

(ii) സെക്കന്ററാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ഹാൻഡിക്യാപ്പ്ഡ് ;

(iii) കൽക്കട്ടയിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ ദി ഓർത്തോപ്പീഡിക്കലി ഹാൻഡിക്യാപ്പ്ഡ് ;

(iv) ബോംബെയിലെ അലി യാവർ ജങ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഹിയറിംഗ് ഹാൻഡിക്യാപ്പ്ഡ് ;

ഇവയുടെ ഡയറക്ടർമാർ, അംഗങ്ങൾ, എക്സ് ഒഫിഷ്യോ ;

(ട) കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന അങ്ങനെയുള്ള രീതിയിൽ സംസ്ഥാനങ്ങളെയും യൂണിയൻ ഭരണപ്രദേശങ്ങളെയും പ്രതിനിധാനം ചെയ്യുന്നതിന് ക്രമമനുസരിച്ച് കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് അംഗങ്ങൾ:

എന്നാൽ, ഈ ഖണ്ഡപ്രകാരം യാതൊരു നിയമനവും, സംസ്ഥാനസർക്കാരിന്റെയോ അല്ലെങ്കിൽ, അതത്സംഗതിപോലെ, യൂണിയൻ ഭരണപ്രദേശത്തിന്റെയോ ശിപാർശയിൻമേലല്ലാതെ നടത്തുവാൻ പാടുള്ളതല്ല.

(ഠ) വൈകല്യമുള്ളവരെ സംബന്ധിക്കുന്ന സർക്കാരേതര സംഘടനകളെയോ അല്ലെങ്കിൽ അസോസിയേഷനുകളെയോ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രായോഗികമാകുന്നിടത്തോളം, ഓരോതരം വൈകല്യമുള്ളവരിൽ നിന്നും ഒരാൾ വീതം, വൈകല്യമുള്ള അഞ്ച് ആളുകൾ, അംഗങ്ങൾ:

എന്നാൽ ഈ ഖണ്ഡപ്രകാരം ആളുകളെ നാമനിർദ്ദേശം ചെയ്യുമ്പോൾ, കുറഞ്ഞപക്ഷം ഒരു വനിതയെയും, പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോ പെട്ട ഒരാളെയും, കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

(ഡ) വികലാംഗക്ഷേമം കൈകാര്യം ചെയ്യുന്ന ക്ഷേമമന്ത്രാലയത്തിന്റെ ഭാരതസർക്കാർ ജോയിന്റ് സെക്രട്ടറി, മെമ്പർ സെക്രട്ടറി, എക്സ് ഒഫിഷ്യോ,

എന്നിവർ ഉൾപ്പെടുന്നതാണ്.

(3) കേന്ദ്ര ഏകോപന സമിതി അംഗമായി ഔദ്യോഗികസ്ഥാനം വഹിക്കുന്ന ആളെ പാർലമെന്റിന്റെ ഇരുസഭകളിൽ ഏതെങ്കിലും അംഗമായി തെരഞ്ഞെടുക്കപ്പെടുകയോ അല്ലെങ്കിൽ അംഗമായിരിക്കുകയോ ചെയ്യുന്നു എന്ന കാരണത്താൽ അയോഗ്യനാക്കാൻ പാടുള്ളതല്ല.

4. *അംഗങ്ങളുടെ ഉദ്യോഗ കാലാവധി.*—(1) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്യപ്പെടാത്തപക്ഷം, 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡമോ (ഠ) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട കേന്ദ്ര ഏകോപന സമിതിയിലെ ഒരു അംഗം അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലം ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരംഗം, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചിരുന്നാലും, അദ്ദേഹത്തിന്റെ പിൻഗാമി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്.

(2) ഒരു എക്സ് ഒഫിഷ്യോ അംഗത്തെ ഏത് ഔദ്യോഗിക നിലയിലാണോ അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ ഉദ്യോഗം വഹിക്കുന്നത് അവസാനിച്ചാൽ ഉടൻതന്നെ, അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി തീരുന്നതാണ്.

(3) കേന്ദ്രസർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം, 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡമോ (ഠ) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും അംഗത്തെ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നതിനുമുമ്പ്, അതിനെതിരായി കാരണം കാണിക്കുന്നതിന് ന്യായമായ ഒരു അവസരം നൽകിയതിനുശേഷം നീക്കം ചെയ്യാവുന്നതാണ്.

(4) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡമോ (ഠ) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന് ഏത് സമയത്തും കേന്ദ്രസർക്കാരിന് സ്വന്തം കൈപ്പടയിൽ എഴുതി കൈയൊപ്പ് വച്ച കത്തുമുഖേന അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും മേൽപ്പറഞ്ഞ അംഗത്തിന്റെ സ്ഥാനം അതോടുകൂടി ഒഴിഞ്ഞുകിടക്കുന്നതുമാണ്.

(5) കേന്ദ്ര ഏകോപന സമിതിയിലെ ഒരു ആകസ്മിക ഒഴിവ് ഒരു പുതിയ നാമനിർദ്ദേശം മുഖേന നികത്തേണ്ടതും ആ ഒഴിവ് നികത്തുന്നതിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഏതൊരംഗത്തിന്റെ സ്ഥാനത്തേക്കാണോ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിക്കുന്ന കാലാവധിവരെ മാത്രം ഉദ്യോഗം വഹിക്കുന്നതുമാണ്.

(6) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡമോ (ഠ) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതാണ്.

(7) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡവും (ഠ) ഖണ്ഡവും പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന പ്രകാരമുള്ള ബത്തകൾ ലഭിക്കുന്നതാണ്.

5. ***അയോഗ്യതകൾ.***— (1) യാതൊരാളും,—

(ക) നിർദ്ധനനാണെന്ന് വിധിക്കപ്പെടുകയോ, ഏതെങ്കിലും സമയത്ത് വിധിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ അയാളുടെ കടങ്ങൾ വീട്ടുന്നത് നിറുത്തിവയ്ക്കപ്പെടുകയോ അല്ലെങ്കിൽ അയാളുടെ ഉത്തമർണ്ണരുമായി രാജിയാവുകയോ; അല്ലെങ്കിൽ

(ഖ) ചിത്തഭ്രമം ഉള്ള ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും; അല്ലെങ്കിൽ

(ഗ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗിക അധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ ശിക്ഷിക്കപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(ഘ) ഈ ആക്റ്റു പ്രകാരമുള്ള ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ ഏതെങ്കിലും സമയത്ത് ശിക്ഷിക്കപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(ങ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ കേന്ദ്ര ഏകോപനസമിതിയിൽ അയാൾ തുടരുന്നത് പൊതുജനതാൽപ്പര്യത്തിന് ഹാനികരമാകത്തക്കവിധം ഒരംഗമെന്ന നിലയിലുള്ള പദവി ദുരുപയോഗപ്പെടുത്തുകയോ,

ചെയ്തിട്ടുണ്ടെങ്കിൽ കേന്ദ്ര ഏകോപന സമിതിയിൽ ഒരു അംഗമായിരിക്കുവാൻ പാടുള്ളതല്ല.

(2) കേന്ദ്രസർക്കാർ, ഈ വകുപ്പുപ്രകാരമുള്ള നീക്കം ചെയ്യൽ ഉത്തരവ്, അതിനെതിരായി കാരണം കാണിക്കുന്നതിന് ബന്ധപ്പെട്ട അംഗത്തിന് ന്യായമായ ഒരവസരം നൽകിയിട്ടല്ലാതെ, പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(3) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ (6)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പുപ്രകാരം നീക്കം ചെയ്യപ്പെട്ട ഒരംഗത്തിന് ഒരംഗമായി പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

6. ***അംഗങ്ങൾ സ്ഥാനം ഒഴിയുന്നത്.***— കേന്ദ്ര ഏകോപന സമിതിയിലെ ഒരംഗം 5-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനാകുന്നപക്ഷം, അദ്ദേഹത്തിന്റെ സ്ഥാനം ഒഴിഞ്ഞു കിടക്കുന്നതാണ്.

7. ***കേന്ദ്ര ഏകോപന സമിതിയുടെ യോഗങ്ങൾ.***— കേന്ദ്ര ഏകോപന സമിതി കുറഞ്ഞത് ഓരോ ആറുമാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

8. ***കേന്ദ്ര ഏകോപന സമിതിയുടെ ചുമതലകൾ.***— (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര ഏകോപന സമിതിയുടെ ചുമതല വൈകല്യങ്ങളുടെ കാര്യത്തിൽ ദേശീയ കേന്ദ്ര ബിന്ദുവായി സേവിക്കുന്നതും വൈകല്യങ്ങളുള്ള ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സമഗ്ര നയത്തിന്റെ തുടർച്ചയായുള്ള പരിണാമം സുകരമാക്കുന്നതും ആയിരിക്കുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽ പറഞ്ഞവയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, കേന്ദ്ര ഏകോപന സമിതിക്ക്, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ, നിർവഹിക്കാവുന്നതാണ്; അതായത്,—

(ക) വൈകല്യങ്ങളുള്ള ആളുകളെ സംബന്ധിക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും മറ്റ് സർക്കാർ-സർക്കാരേതര സംഘടനകളുടെയും പ്രവർത്തനങ്ങൾ പുനഃപരിശോധിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക;

(ഖ) വൈകല്യങ്ങളുള്ള ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ദേശീയ നയം രൂപീകരിക്കുക;

(ഗ) വൈകല്യങ്ങൾ സംബന്ധിച്ച നയങ്ങളും കർമ്മപരിപാടികളും നിയമനിർമ്മാണവും പദ്ധതികളും ആവിഷ്ക്കരിക്കുന്നതിന് കേന്ദ്രസർക്കാരിനെ ഉപദേശിക്കുക;

(ഘ) ദേശീയ പദ്ധതികളിലും അന്താരാഷ്ട്ര ഏജൻസികൾ ആവിഷ്ക്കരിച്ചിട്ടുള്ള മറ്റ് കർമ്മ പരിപാടികളിലും നയങ്ങളിലും, വൈകല്യങ്ങളുള്ളവർക്കുവേണ്ടി പദ്ധതികളും പ്രോജക്ടുകളും ഏർപ്പെടുത്തുന്നത് ലക്ഷ്യമാക്കി അവശതകളുള്ള ആളുകളുടെ കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിലും അന്താരാഷ്ട്ര സംഘടനകളിലും കൊണ്ടുവരിക;

(ങ) ധനദാതാവ് ഏജൻസികളുമായി കൂടിയാലോചിച്ച്, അവരുടെ ധനസഹായ നയങ്ങൾ, വൈകല്യങ്ങളുള്ള ആളുകളുടെമേലുള്ള അവയുടെ ഫലത്തിന്റെ ദീർഘവീക്ഷണത്തിൽ, പുനഃപരിശോധിക്കുക;

(ച) പൊതു സ്ഥലങ്ങളിലും ജോലി സ്ഥലങ്ങളിലും പൊതു ഉപയോഗസ്ഥലങ്ങളിലും സ്കൂളുകളിലും മറ്റു സ്ഥാപനങ്ങളിലും പ്രതിബന്ധരഹിതമായ പരിതഃസ്ഥിതി ഉറപ്പുവരുത്തുന്നതിനായി അങ്ങനെയുള്ള മറ്റ് നടപടികൾ സ്വീകരിക്കുക;

(ഛ) വൈകല്യങ്ങളുള്ള ആളുകളുടെ സമത്വവും പൂർണ്ണപങ്കാളിത്തവും ആർജ്ജിക്കുന്നതിനായി രൂപപ്പെടുത്തിയിട്ടുള്ള നയങ്ങളുടെയും കർമ്മപരിപാടികളുടെയും ഫലം തുടർച്ചയായി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക;

(ജ) കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന പ്രകാരമുള്ള മറ്റു കർത്തവ്യങ്ങൾ നിർവഹിക്കുക.

9. ***കേന്ദ്ര നിർവാഹക സമിതി.***— (1) ഈ ആക്റ്റ് പ്രകാരം അതിന് ഏൽപ്പിച്ചുകൊടുത്ത കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനായി കേന്ദ്ര നിർവാഹക സമിതി എന്നറിയപ്പെടുന്ന ഒരു സമിതി കേന്ദ്ര സർക്കാർ രൂപീകരിക്കേണ്ടതാണ്.

(2) കേന്ദ്ര നിർവാഹക സമിതിയിൽ,—

(ക) ക്ഷേമ മന്ത്രാലയത്തിലെ ഭാരത സർക്കാരിന്റെ സെക്രട്ടറി, അദ്ധ്യക്ഷൻ, എക്സ് ഒഫിഷ്യോ;

(ഖ) മുഖ്യ കമ്മീഷണർ, അംഗം, എക്സ് ഒഫിഷ്യോ;

(ഗ) ആരോഗ്യ വകുപ്പിലെ ഡയറക്ടർ-ജനറൽ, അംഗം, എക്സ് ഒഫിഷ്യോ;

(ഘ) എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ് ഡയറക്ടർ-ജനറൽ, അംഗം, എക്സ് ഒഫിഷ്യോ;

(ങ) ഗ്രാമവികസനം, വിദ്യാഭ്യാസം, ക്ഷേമം, പേഴ്സണൽ പബ്ലിക് ഗ്രീവൻസസും പെൻഷനും നഗരകാര്യവും, എംപ്ലോയ്മെന്റും, ശാസ്ത്രവും സാങ്കേതികവിദ്യയും എന്നീ മന്ത്രാലയങ്ങളെയോ വകുപ്പുകളെയോ പ്രതിനിധാനം ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ആറ് ആളുകൾ അംഗങ്ങൾ, എക്സ് ഒഫിഷ്യോ;

(ച) കേന്ദ്രസർക്കാരിന്റെ ക്ഷേമ മന്ത്രാലയത്തിലെ ധനകാര്യ ഉപദേഷ്ടാവ്, അംഗം, എക്സ് ഒഫിഷ്യോ;

(ഛ) റെയിൽവെ ബോർഡിലെ (താരിഫ്) ഉപദേഷ്ടാവ്, അംഗം, എക്സ് ഒഫിഷ്യോ;

(ജ) കേന്ദ്രസർക്കാർ നിർണ്ണയിക്കുന്നപ്രകാരം സംസ്ഥാന സർക്കാരുകളെയും യൂണിയൻ ഭരണപ്രദേശങ്ങളെയും പ്രതിനിധാനം ചെയ്യുന്നതിന് ആവർത്തന ക്രമമനുസരിച്ച് കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് അംഗങ്ങൾ;

(ഝ) കേന്ദ്രസർക്കാർ, ആ സർക്കാരിന്റെ അഭിപ്രായത്തിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ടതാണെന്ന് കരുതുന്ന താൽപ്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, അംഗം;

(ഞ) വൈകല്യങ്ങളുള്ളവരെ സംബന്ധിക്കുന്ന സർക്കാരേതര സംഘടനകളെയോ അല്ലെങ്കിൽ അസോസിയേഷനുകളെയോ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പ്രായോഗികമാകുന്നിടത്തോളം, ഓരോ തരം വൈകല്യമുള്ളവരിൽ നിന്ന് ഒരാൾ വീതം, വൈകല്യങ്ങളുള്ള അഞ്ചാളുകൾ, അംഗങ്ങൾ :

എന്നാൽ, ഈ ഖണ്ഡപ്രകാരം ആളുകളെ നാമനിർദ്ദേശം ചെയ്യുമ്പോൾ, കുറഞ്ഞപക്ഷം ഒരു വനിതയെയും പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോപെട്ട ഒരാളെയും, കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

(ട) വികലാംഗക്ഷേമം കൈകാര്യം ചെയ്യുന്ന ക്ഷേമമന്ത്രാലയത്തിലെ ഭാരതസർക്കാരിന്റെ ജോയിന്റ് സെക്രട്ടറി, മെമ്പർ സെക്രട്ടറി, എക്സ് ഒഫീഷ്യോ,

എന്നിവർ ഉൾപ്പെടുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡവും (ഞ) ഖണ്ഡവും പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള ബത്തകൾ ലഭിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡമോ (ഞ) ഖണ്ഡമോ പ്രകാരം നാമനിർദേശം ചെയ്യപ്പെട്ട ഒരംഗത്തിന്, ഏത് സമയത്തും കേന്ദ്രസർക്കാരിന് സ്വന്തം കൈപ്പടയിൽ എഴുതി കൈയൊപ്പ് വച്ച കത്തു മുഖേന തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും മേൽപ്പറഞ്ഞ അംഗത്തിന്റെ സ്ഥാനം അതോടെ ഒഴിഞ്ഞു കിടക്കുന്നതുമാണ്.

10. ***കേന്ദ്ര നിർവാഹക സമിതിയുടെ ചുമതലകൾ.***— (1) കേന്ദ്ര നിർവാഹക സമിതി കേന്ദ്ര ഏകോപന സമിതിയുടെ നിർവാഹക നികായമായിരിക്കുന്നതും കേന്ദ്ര ഏകോപന സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ, കേന്ദ്ര ഏകോപന സമിതി ഏൽപ്പിച്ചു കൊടുത്ത അങ്ങനെയുള്ള മറ്റു ചുമതലകൾകൂടി കേന്ദ്ര നിർവാഹക സമിതി നിർവഹിക്കേണ്ടതാണ്.

11. ***കേന്ദ്ര നിർവാഹക സമിതിയുടെ യോഗങ്ങൾ.***— കേന്ദ്ര നിർവാഹക സമിതി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതുമാകുന്നു.

12. ***പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി കേന്ദ്ര നിർവാഹക സമിതിയുമായി വ്യക്തികളുടെ താത്ക്കാലിക സഹകരണം.***— (1) കേന്ദ്ര നിർവാഹക സമിതിക്ക്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവഹിക്കുന്നതിന്, കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്നപ്രകാരം അങ്ങനെ ഉള്ള ആവശ്യങ്ങൾക്കുംവേണ്ടി അതിന് ആവശ്യമെന്ന് തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് ഏതെങ്കിലും വ്യക്തിയുമായി സ്വയം സഹകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും ആവശ്യത്തിനുവേണ്ടി കേന്ദ്ര നിർവാഹക സമിതിയുമായി സഹകരിക്കുന്ന ഒരു വ്യക്തിക്ക് കേന്ദ്ര നിർവാഹക സമിതിയിൽ ആ ആവശ്യവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും എന്നാൽ പ്രസ്തുത സമിതിയുടെ ഒരു യോഗത്തിൽ വോട്ടു ചെയ്യുന്നതിനുള്ള അവകാശം ഇല്ലാതിരിക്കുന്നതും മറ്റേതെങ്കിലും ആവശ്യത്തിന് ഒരംഗം ആയിരിക്കുന്നതല്ലാത്തതും ആകുന്നു.

(3) (1)-ാം ഉപവകുപ്പുപ്രകാരം പ്രസ്തുത സമിതിയുമായി ഏതൊരാവശ്യത്തിനും സഹകരിച്ച ഒരു വ്യക്തിക്ക് ആ സമിതിയുടെ യോഗങ്ങളിൽ ഹാജരാകുന്നതിനും പ്രസ്തുത സമിതിയുടെ മറ്റേതെങ്കിലും ജോലി നിർവഹിക്കുന്നതിനും കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള ഫീസുകളും ബത്തകളും നൽകേണ്ടതാണ്.

## അദ്ധ്യായം III

## സംസ്ഥാന ഏകോപന സമിതി

13. ***സംസ്ഥാന ഏകോപന സമിതി.***—(1) ഓരോ സംസ്ഥാന സർക്കാരും, ഈ ആക്റ്റ് പ്രകാരം അതിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചുകൊടുത്ത കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും സംസ്ഥാന ഏകോപന സമിതി എന്നറിയപ്പെടുന്ന ഒരു നികായം, വിജ്ഞാപനം വഴി, രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന ഏകോപന സമിതിയിൽ,—

(ക) സംസ്ഥാനസർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ധ്യക്ഷൻ, എക്സ് ഒഫിഷ്യോ;

(ഖ) സാമൂഹ്യക്ഷേമ' വകുപ്പിന്റെ ചുമതലയുള്ള സംസ്ഥാന മന്ത്രി, ആരെങ്കിലും ഉണ്ടെങ്കിൽ, ഉപാദ്ധ്യക്ഷൻ, എക്സ് ഒഫിഷ്യോ;

(ഗ) ക്ഷേമം, വിദ്യാഭ്യാസം, വനിത-ശിശുസംരക്ഷണം, എക്സ്പെൻഡിച്ചർ, പേഴ്സണൽ ട്രെയിനിംഗ് ആൻഡ് പബ്ലിക് ഗ്രീവൻസസ്, ആരോഗ്യം, ഗ്രാമവികസനം, വ്യാവസായിക വികസനം, നഗരകാര്യവും തൊഴിലും, ശാസ്ത്ര-സാങ്കേതികവിദ്യ, പബ്ലിക് എന്റർപ്രൈസസ് എന്നീ വകുപ്പുകളുടെ ചുമതലയുള്ള, എന്തു പേരിലറിയപ്പെട്ടാലും, സംസ്ഥാനസർക്കാരിന്റെ സെക്രട്ടറിമാർ, അംഗങ്ങൾ, എക്സ് ഒഫിഷ്യോ;

(ഘ) സംസ്ഥാനസർക്കാർ ആവശ്യമെന്ന് കരുതുന്ന മറ്റേതെങ്കിലും വകുപ്പിലെ സെക്രട്ടറി, അംഗം, എക്സ് ഒഫിഷ്യോ;

(ങ) ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസിന്റെ (അത് ഏത് പേരിലറിയപ്പെട്ടാലും) അദ്ധ്യക്ഷൻ, അംഗം, എക്സ് ഒഫിഷ്യോ;

(ച) വൈകല്യങ്ങളുള്ളവരെ സംബന്ധിക്കുന്ന സർക്കാരേതര സംഘടനകളെയോ അല്ലെങ്കിൽ അസോസിയേഷനുകളെയോ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി സംസ്ഥാനസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രായോഗികമാകുന്നിടത്തോളം, ഓരോ തരം വൈകല്യമുള്ളവരിൽനിന്നും ഒരാൾ വീതം, വൈകല്യങ്ങളുള്ള അഞ്ച് ആളുകൾ, അംഗങ്ങൾ:

എന്നാൽ, സംസ്ഥാനസർക്കാർ ഈ ഖണ്ഡപ്രകാരം ആളുകളെ നാമനിർദ്ദേശം ചെയ്യുമ്പോൾ കുറഞ്ഞപക്ഷം ഒരു വനിതയെയും പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോപെട്ട ഒരാളെയും, നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

(ഛ) സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിലെ മൂന്ന് അംഗങ്ങൾ അവരിൽ രണ്ട് പേർ നിയമസഭയാലും ഒരാൾ നിയമസമിതി ഉണ്ടെങ്കിൽ അതിനാലും തെരഞ്ഞെടുക്കപ്പെടേണ്ടതാണ്;

(ജ) സംസ്ഥാനസർക്കാരിന്റെ അഭിപ്രായത്തിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ടതാണെന്ന് കരുതുന്ന കൃഷിയെ, വ്യവസായത്തെ അല്ലെങ്കിൽ വാണിജ്യത്തെ അല്ലെങ്കിൽ മറ്റേതെങ്കിലും താൽപ്പര്യത്തെ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി ആ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് ആളുകൾ, അംഗങ്ങൾ, എക്സ് ഒഫിഷ്യോ;

(ഝ) കമ്മീഷണർ, അംഗം, എക്സ് ഒഫിഷ്യോ;

(ഞ) വികലാംഗക്ഷേമം കൈകാര്യം ചെയ്യുന്ന സംസ്ഥാനസർക്കാർ സെക്രട്ടറി, മെമ്പർ-സെക്രട്ടറി, എക്സ് ഒഫിഷ്യോ എന്നിവർ ഉൾപ്പെടുന്നതാണ്.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു യൂണിയൻഭരണപ്രദേശത്തിനുവേണ്ടി യാതൊരു സംസ്ഥാന ഏകോപനസമിതിയും രൂപീകരിക്കാൻ പാടില്ലാത്തതും ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ച്, യൂണിയൻഭരണപ്രദേശത്തിനുവേണ്ടി കേന്ദ്ര ഏകോപനസമിതി ഒരു സംസ്ഥാന ഏകോപനസമിതിയുടെ അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതും ആണ്:

എന്നാൽ, ഒരു യൂണിയൻഭരണപ്രദേശത്തെ സംബന്ധിച്ച്, കേന്ദ്ര ഏകോപനസമിതിക്ക് ഈ ഉപവകുപ്പു പ്രകാരമുള്ള അതിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും കേന്ദ്ര സർക്കാർ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വ്യക്തിക്കോ വ്യക്തികളുടെ നികായത്തിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

14. ***അംഗങ്ങളുടെ സേവനത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും.***—(1) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്യപ്പെടാത്തപക്ഷം, 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ച) ഖണ്ഡമോ (ജ) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന് അദ്ദേഹത്തെ നാമനിർദ്ദേശംചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലം ഒരു സംസ്ഥാന ഏകോപന സമിതിയിൽ ഉദ്യോഗം വഹിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരംഗം, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചതിനുശേഷവും, അദ്ദേഹത്തിന്റെ പിൻഗാമി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്.

(2) ഒരു എക്സ് ഒഫിഷ്യോ അംഗം, അദ്ദേഹം ഏത് ഉദ്യോഗം ഹേതുവായാണോ അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ടത്, ആ ഉദ്യോഗം വഹിക്കുന്നത് അവസാനിച്ചാൽ ഉടൻതന്നെ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി തീരുന്നതാണ്.

(3) സംസ്ഥാനസർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം, 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ച) ഖണ്ഡമോ (ജ) ഖണ്ഡമോ പ്രകാരം നാമനിർദേശം ചെയ്യപ്പെട്ട ഏതെങ്കിലും അംഗത്തെ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നതിനുമുമ്പ് നീക്കം ചെയ്യുന്നതിനെതിരായി കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകിയതിനുശേഷം, നീക്കം ചെയ്യാവുന്നതാണ്.

(4) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ച) ഖണ്ഡമോ (ജ) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന് ഏതുസമയത്തും സംസ്ഥാനസർക്കാരിന് സ്വന്തം കൈപ്പടയിൽ എഴുതി കൈയൊപ്പുവച്ച കത്തുമുഖേന അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും, മേൽപ്പറഞ്ഞ അംഗത്തിന്റെ സ്ഥാനം അതോടെ ഒഴിഞ്ഞുകിടക്കുന്നതുമാണ്.

(5) സംസ്ഥാന ഏകോപനസമിതിയിലെ ഒരു ആകസ്മിക ഒഴിവ് ഒരു പുതിയ നാമനിർദ്ദേശം മുഖേന നികത്തേണ്ടതും ആ ഒഴിവ് നികത്തുന്നതിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഏതൊരംഗത്തിന്റെ സ്ഥാനത്തേക്കാണോ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിക്കുന്ന കാലാവധിവരെ മാത്രം ഉദ്യോഗം വഹിക്കേണ്ടതാണ്.

(6) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ച) ഖണ്ഡവും (ജ) ഖണ്ഡവും പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതാണ്.

(7) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ച) ഖണ്ഡവും (ജ) ഖണ്ഡവും പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് സംസ്ഥാനസർക്കാർ നിർണ്ണയിക്കുന്ന പ്രകാരമുള്ള ബത്തകൾ ലഭിക്കുന്നതാണ്.

15. *അയോഗ്യതകൾ.*—(1) യാതൊരാളും,—

(ക) നിർദ്ധനനായി വിധിക്കപ്പെടുകയോ ഏതെങ്കിലും സമയത്ത് വിധിക്കപ്പെട്ടിരിക്കുകയോ അയാളുടെ കടങ്ങൾ വീട്ടുന്നത് നിറുത്തിവയ്ക്കപ്പെടുകയോ അല്ലെങ്കിൽ അയാളുടെ ഉത്തമർണരുമായി രാജിയാവുക, അല്ലെങ്കിൽ

(ഖ) ചിത്തഭ്രമമുള്ള ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും, അല്ലെങ്കിൽ

(ഗ) സംസ്ഥാനസർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക അധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയോ, അല്ലെങ്കിൽ

(ഘ) ഈ ആക്റ്റുപ്രകാരമുളള ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ ഏതെങ്കിലും സമയത്ത് ശിക്ഷിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയോ, അല്ലെങ്കിൽ

(ങ) സംസ്ഥാനസർക്കാരിന്റെ അഭിപ്രായത്തിൽ സംസ്ഥാന ഏകോപനസമിതിയിൽ അയാൾ തുടരുന്നത് പൊതുജന താൽപ്പര്യത്തിന് ഹാനികരമാകത്തക്കവിധം ഒരംഗമെന്ന നിലയിലുള്ള പദവി ദുരുപയോഗപ്പെടുത്തുകയോ, ചെയ്തിട്ടുണ്ടെങ്കിൽ സംസ്ഥാന ഏകോപന സമിതിയിൽ ഒരംഗമായിരിക്കുവാൻ പാടുള്ളതല്ല.

(2) സംസ്ഥാനസർക്കാർ, ഈ വകുപ്പുപ്രകാരമുള്ള നീക്കംചെയ്യൽ ഉത്തരവ് അതിനെതിരായി കാരണം കാണിക്കുന്നതിന് ബന്ധപ്പെട്ട അംഗത്തിന് ന്യായമായ ഒരവസരം നൽകിയിട്ടല്ലാതെ, പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(3) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ (6)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പുപ്രകാരം നീക്കംചെയ്യപ്പെട്ട ഒരംഗത്തിന്, ഒരു അംഗമായി പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

16. ***സ്ഥാനങ്ങൾ ഒഴിയുന്നത്.***—സംസ്ഥാന ഏകോപനസമിതിയിലെ ഒരംഗം 15-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനാകുന്നപക്ഷം, അദ്ദേഹത്തിന്റെ സ്ഥാനം ഒഴിഞ്ഞ് കിടക്കുന്നതാണ്.

17. ***സംസ്ഥാന ഏകോപനസമിതിയുടെ യോഗങ്ങൾ.***—സംസ്ഥാന ഏകോപനസമിതി കുറഞ്ഞത് ഓരോ ആറുമാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

18. ***സംസ്ഥാന ഏകോപനസമിതിയുടെ ചുമതലകൾ.***—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന ഏകോപന സമിതിയുടെ ചുമതല, വൈകല്യങ്ങളുടെ കാര്യത്തിൽ സംസ്ഥാന കേന്ദ്രബിന്ദുവായി സേവിക്കുന്നതും, വൈകല്യങ്ങളുള്ള ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സമഗ്ര നയത്തിന്റെ തുടർച്ചയായുള്ള പരിണാമം സുകരമാക്കുന്നതും, ആയിരിക്കുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ ചുമതലയുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ, സംസ്ഥാന ഏകോപനസമിതിക്ക് സംസ്ഥാനത്തിനകത്ത്, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവഹിക്കാവുന്നതാണ്, അതായത്:—

(ക) വൈകല്യങ്ങളുള്ള ആളുകളെ സംബന്ധിക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും മറ്റു സർക്കാർ സർക്കാരേതര സംഘടനകളുടെയും പ്രവർത്തനങ്ങൾ പുനഃപരിശോധിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക;

(ഖ) വൈകല്യങ്ങളുള്ള ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സംസ്ഥാന നയം രൂപീകരിക്കുക;

(ഗ) വൈകല്യങ്ങൾ സംബന്ധിച്ച നയങ്ങളും കർമ്മപരിപാടികളും നിയമനിർമ്മാണവും പദ്ധതികളും ആവിഷ്ക്കരിക്കുന്നതിന് സംസ്ഥാന സർക്കാരിനെ ഉപദേശിക്കുക ;

(ഘ) ധനദാതാവ് ഏജൻസികളുമായി കൂടിയാലോചിച്ച് അവരുടെ ധനസഹായ നയങ്ങൾ വൈകല്യങ്ങളുള്ള ആളുകളുടെമേലുള്ള അവയുടെ ഫലം ദീർഘവീക്ഷണത്തിൽ പുനഃപരിശോധിക്കുക ;

(ങ) പൊതുസ്ഥലങ്ങളിലും ജോലിസ്ഥലങ്ങളിലും പൊതുഉപയോഗ സ്ഥലങ്ങളിലും സ്കൂളുകളിലും മററ് സ്ഥാപനങ്ങളിലും പ്രതിബന്ധരഹിതമായ പരിതഃസ്ഥിതി ഉറപ്പുവരുത്തുന്നതിനായി അങ്ങനെയുള്ള മററ് നടപടികൾ സ്വീകരിക്കുക ;

(ച) വൈകല്യങ്ങളുള്ള ആളുകളുടെ സമത്വവും പൂർണ്ണ പങ്കാളിത്തവും ആർജ്ജിക്കുന്നതിനായി രൂപപ്പെടുത്തിയിട്ടുള്ള നയങ്ങളുടെയും കർമ്മപരിപാടികളുടെയും ഫലം തുടർച്ചയായി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക ;

(ഛ) സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള മററ് ചുമതലകൾ നിർവഹിക്കുക.

19. ***സംസ്ഥാന നിർവാഹക സമിതി.***—(1) ഈ ആക്റ്റ് പ്രകാരം അതിന് ഏൽപ്പിച്ചുകൊടുത്ത ചുമതലകൾ നിർവഹിക്കുന്നതിനായി സംസ്ഥാന നിർവാഹക സമിതി എന്ന് അറിയപ്പെടുന്ന ഒരു സമിതി സംസ്ഥാനസർക്കാർ രൂപീകരിക്കേണ്ടതാകുന്നു.

(2) സംസ്ഥാന നിർവാഹക സമിതിയിൽ—

(ക) സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി, ചെയർപേഴ്സൺ, എക്സ്ഒഫിഷ്യോ ;

(ഖ) കമ്മീഷണർ, അംഗം, എക്സ്ഒഫിഷ്യോ ;

(ഗ) ആരോഗ്യം, ധനകാര്യം, ഗ്രാമവികസനം, വിദ്യാഭ്യാസം, ക്ഷേമം, പേഴ്സണൽ, പബ്ലിക് ഗ്രീവൻസസ്, നഗരകാര്യങ്ങൾ, തൊഴിലും എംപ്ലോയ്മെന്റും, ശാസ്ത്രവും സാങ്കേതികവിദ്യയും എന്നീ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്നതിന് സംസ്ഥാനസർക്കാരിന്റെ ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒമ്പതു പേർ, അംഗങ്ങൾ, എക്സ്ഒഫിഷ്യോ ;

(ഘ) സംസ്ഥാനസർക്കാർ, ആ സർക്കാരിന്റെ അഭിപ്രായത്തിൽ പ്രതിനിധാനം ചെയ്യേണ്ടതാണെന്ന് കരുതുന്ന താൽപ്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, അംഗം ;

(ങ) വൈകല്യങ്ങളുള്ളവരെ സംബന്ധിക്കുന്ന സർക്കാരേതര സംഘടനകളെയോ അല്ലെങ്കിൽ അസോസിയേഷനുകളെയോ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി സംസ്ഥാനസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പ്രായോഗികമാകുന്നിടത്തോളം ഓരോതരം വൈകല്യമുളളവരിൽനിന്നും ഒരാൾവീതം അഞ്ച് ആളുകൾ, അംഗങ്ങൾ :

എന്നാൽ, ഈ ഖണ്ഡപ്രകാരം ആളുകളെ നാമനിർദ്ദേശം ചെയ്യുമ്പോൾ, കുറഞ്ഞപക്ഷം ഒരു വനിതയെയും പട്ടികജാതികളിലോ, പട്ടികവർഗ്ഗങ്ങളിലോപെട്ട ഒരാളെയും സംസ്ഥാനസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാകുന്നു;

(ച) ക്ഷേമവകുപ്പിലെ വൈകല്യവിഭാഗം കൈകാര്യം ചെയ്യുന്ന ജോയിന്റ് സെക്രട്ടറി, മെമ്പർ സെക്രട്ടറി, എക്സ് ഒഫിഷ്യോ ,

എന്നിവർ ഉൾപ്പെടുന്നതാണ്.

(3) (2)-ാം ഉപവകുപ്പിലെ (ഘ) ഖണ്ഡവും (ങ) ഖണ്ഡവും പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുളള ബത്തകൾ ലഭിക്കുന്നതാണ്.

(4) (ഘ) ഖണ്ഡമോ (ങ) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന് ഏത് സമയത്തും, സംസ്ഥാനസർക്കാരിനെ സംബോധന ചെയ്തുകൊണ്ടുള്ള സ്വന്തം കൈപ്പടയിൽ എഴുതി കൈയൊപ്പു വച്ച കത്തു മുഖേന അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതും മേൽപ്പറഞ്ഞ അംഗത്തിന്റെ സ്ഥാനം അതോടെ ഒഴിഞ്ഞു കിടക്കുന്നതുമാണ്.

20. ***സംസ്ഥാന നിർവാഹക സമിതിയുടെ ചുമതലകൾ.***—(1) സംസ്ഥാന നിർവാഹക സമിതി, സംസ്ഥാന ഏകോപന സമിതിയുടെ നിർവാഹകനികായം ആയിരിക്കുന്നതും സംസ്ഥാന ഏകോപന സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ സംസ്ഥാന ഏകോപന സമിതി ഏൽപ്പിച്ചുകൊടുത്ത അങ്ങനെയുള്ള മററു ചുമതലകൾകൂടി സംസ്ഥാന നിർവാഹക സമിതി നിർവഹിക്കേണ്ടതാണ്.

21. ***സംസ്ഥാന നിർവാഹക സമിതിയുടെ യോഗങ്ങൾ.***—സംസ്ഥാന നിർവാഹക സമിതി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന നടപടി ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

22. ***പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി സംസ്ഥാന നിർവാഹക സമിതിയുമായി വ്യക്തികളുടെ താത്ക്കാലിക സഹകരണം.***—(1) സംസ്ഥാന നിർവാഹക സമിതിക്ക് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവഹിക്കുന്നതിന് സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുവേണ്ടി അതിന് ആവശ്യമെന്ന് തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് ഏതെങ്കിലും വ്യക്തിയുമായി സ്വയം സഹകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഏതെങ്കിലും ആവശ്യത്തിനുവേണ്ടി സംസ്ഥാന നിർവാഹക സമിതിയുമായി സഹകരിക്കുന്ന ഒരു വ്യക്തിക്ക് സംസ്ഥാന നിർവാഹക സമിതിയിൽ ആ പ്രത്യേക ആവശ്യവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതും എന്നാൽ പ്രസ്തുത സമിതിയുടെ ഒരു യോഗത്തിൽ വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഇല്ലാതിരിക്കുന്നതും മറ്റെതേങ്കിലും ആവശ്യത്തിന് ഒരു അംഗം ആയിരിക്കുന്നതല്ലാത്തതുമാകുന്നു.

(3) (1)-ാം ഉപവകപ്പു പ്രകാരം പ്രസ്തുത സമിതിയുമായി ഏതൊരാവശ്യത്തിനും സഹകരിച്ച ഒരു വ്യക്തിക്ക് ആ സമിതിയുടെ, അതിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിനും പ്രസ്തുത സമിതിയുടെ മറ്റേതെങ്കിലും ജോലി നിർവഹിക്കുന്നതിനും സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള ഫീസുകളും ബത്തകളും നൽകേണ്ടതാണ്.

23. ***നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.***—ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യനിർവഹണത്തിൽ,—

(ക) കേന്ദ്ര ഏകോപന സമിതി, കേന്ദ്രസർക്കാർ, അതിന് രേഖാമൂലം നൽകാവുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് ബാദ്ധ്യസ്ഥമായിരിക്കുന്നതും;

(ഖ) സംസ്ഥാന ഏകോപന സമിതി, കേന്ദ്ര ഏകോപന സമിതിയോ, സംസ്ഥാനസർക്കാരോ അതിന് രേഖാമൂലം നൽകാവുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് ബാദ്ധ്യസ്ഥമായിരിക്കുന്നതും ആണ്.

എന്നാൽ സംസ്ഥാനസർക്കാർ നൽകുന്ന ഒരു നിർദ്ദേശം കേന്ദ്ര ഏകോപന സമിതി നൽകുന്ന ഏതെങ്കിലും നിർദ്ദേശത്തിന് വിരുദ്ധമാണെങ്കിൽ, ആ വിഷയം കേന്ദ്രസർക്കാരിന്റെ തീരുമാനത്തിന് വിടേണ്ടതാകുന്നു.

24. ***ഒഴിവുകൾ നടപടികളെ അസാധുവാക്കുന്നില്ലെന്ന്.***—കേന്ദ്ര ഏകോപന സമിതിയുടെയോ, കേന്ദ്ര നിർവാഹക സമിതിയുടെയോ, ഒരു സംസ്ഥാന ഏകോപന സമിതിയുടെയോ അഥവാ ഒരു സംസ്ഥാന നിർവാഹക സമിതിയുടെയോ യാതൊരു പ്രവൃത്തിയോ നടപടിയോ അങ്ങനെയുള്ള സമിതികളിൽ ഏതെങ്കിലും ഒഴിവ് അല്ലെങ്കിൽ അങ്ങനെയുള്ള സമിതികളുടെ രൂപീകരണത്തിൽ ഏതെങ്കിലും അപാകത നിലനിൽക്കുന്നു എന്ന കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

## അദ്ധ്യായം IV

## വൈകല്യങ്ങളുടെ പ്രതിരോധവും പ്രാരംഭത്തിലുള്ള കണ്ടെത്തലും

25. ***സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും അവശതകൾ സംഭവിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന്.***—സമുചിതസർക്കാരുകളും തദ്ദേശ അധികാര സ്ഥാപനങ്ങളും അവയുടെ സാമ്പത്തിക കഴിവിന്റെയും വളർച്ചയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് വൈകല്യങ്ങൾ സംഭവിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി,—

(ക) വൈകല്യങ്ങൾ സംഭവിക്കുന്നതിനുള്ള കാരണം സംബന്ധിച്ചുള്ള സർവേകളും അന്വേഷണങ്ങളും ഗവേഷണങ്ങളും ഏറ്റെടുക്കുകയോ ഏറ്റെടുപ്പിക്കുകയോ ചെയ്യുക;

(ഖ) വൈകല്യങ്ങളുടെ പ്രതിരോധത്തിനുള്ള വിവിധ രീതികൾ പ്രോത്സാഹിപ്പിക്കുക;

(ഗ) അപകടസാദ്ധ്യതയുള്ള രോഗസ്ഥിതിയിലുള്ളവരെ തിരിച്ചറിയുന്നതിനുവേണ്ടി കുറഞ്ഞത് വർഷത്തിൽ ഒരിക്കലെങ്കിലും എല്ലാ കുട്ടിക ളയും പരിശോധിക്കുക;

(ഘ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥ ഗണത്തിന് പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക;

(ങ) ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾ സ്പോൺസർ ചെയ്യുകയോ ചെയ്യിപ്പിക്കുകയോ ചെയ്യുകയും പൊതുശുചിത്വപരിപാലനം, ആരോഗ്യം, ശുചീകരണ നടപടികൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ പ്രചരിപ്പിക്കുകയോ പ്രചരിപ്പിക്കപ്പെടുകയോ ചെയ്യുക;

(ച) മാതാവിനും ശിശുവിനും ജനനത്തിനുമുമ്പും, ജനനത്തിനോടനുബന്ധിച്ചും ജനനാനന്തരവും ശുശ്രൂഷ നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക;

(ഛ) പ്രീ-സ്കൂളുകളും, വിദ്യാലയങ്ങളും, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും, ഗ്രാമീണതലത്തിലുള്ള ജീവനക്കാരും അംഗനവാടി ജീവനക്കാരുംവഴി പൊതുജനങ്ങൾക്ക് അറിവ് പകരുക;

(ജ) വൈകല്യങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങളെക്കുറിച്ചും സ്വീകരിക്കേണ്ട നിവാരണ മാർഗ്ഗങ്ങളെക്കുറിച്ചും ടെലിവിഷൻ, റേഡിയോ, മറ്റു ബഹുജനമാധ്യമങ്ങൾ എന്നിവയിൽ കൂടി പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

## അദ്ധ്യായം V

## വിദ്യാഭ്യാസം

26. ***സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം മുതലായവ നൽകണമെന്ന്.***—സമുചിതസർക്കാരുകളും തദ്ദേശ അധികാര സ്ഥാപനങ്ങളും,—

(ക) വൈകല്യങ്ങളുള്ള ഓരോ കുട്ടിക്കും അവന് പതിനെട്ട് വയസ്സ് തികയുന്നതുവരെ സമുചിതമായ ചുറ്റുപാടിൽ സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും;

(ഖ) വൈകല്യങ്ങളുള്ള കുട്ടികളെ സാധാരണ വിദ്യാലയങ്ങളുമായി സമന്വയിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുകയും;

(ഗ) രാജ്യത്തിന്റെ ഏതു ഭാഗത്തും താമസിക്കുന്ന, പ്രത്യേക വിദ്യാഭ്യാസം ആവശ്യമുള്ള വൈകല്യങ്ങളുള്ള കുട്ടികൾക്ക് അപ്രകാരമുള്ള വിദ്യാലയങ്ങളിൽ പ്രവേശിക്കാൻ കഴിയത്തക്കവിധം സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും പ്രത്യേക സ്കൂളുകൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും;

(ഘ) വൈകല്യങ്ങളുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക സ്കൂളുകളിൽ തൊഴിലധിഷ്ഠിത പരിശീലന സൗകര്യങ്ങൾ സജ്ജമാക്കാൻ ശ്രമിക്കുകയും,

ചെയ്യേണ്ടതാണ്.

27. ***സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും അനൗപചാരിക വിദ്യാഭ്യാസം മുതലായവയ്ക്ക് പദ്ധതികളും കർമ്മപരിപാടികളും തയ്യാറാക്കുക.***—സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും, വിജ്ഞാപനം വഴി,—

(ക) അഞ്ചാം ക്ലാസുവരെ വിദ്യാഭ്യാസം പൂർത്തിയാക്കിയതും തുടർന്ന് മുഴുവൻ സമയാടിസ്ഥാനത്തിൽ പഠനം തുടരാൻ കഴിയാത്തതും ആയ വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഭാഗിക-സമയ ക്ലാസുകൾ നടത്തുന്നതിനും;

(ഖ) പതിനാറ് വയസ്സും അതിനുമുകളിലുള്ള പ്രായത്തിലും വരുന്ന കുട്ടികൾക്ക് പ്രവൃത്തി-പരിചയത്തിനുള്ള പ്രത്യേക ഭാഗിക-സമയ ക്ലാസുകൾ നടത്തുന്നതിനും;

(ഗ) ഉചിതമായ അഭിവിന്യാസം നൽകി ഗ്രാമീണപ്രദേശങ്ങളിൽ ലഭ്യമായ മനുഷ്യശക്തി ഉപയോഗപ്പെടുത്തിക്കൊണ്ട് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നതിനും;

(ഘ) ഓപ്പൺ സ്കൂളുകളോ ഓപ്പൺ യൂണിവേഴ്സിറ്റികളോ വഴി വിദ്യാഭ്യാസം നൽകുന്നതിനും;

(ങ) പരസ്പര സമ്പർക്ക ഇലക്ട്രോണിക് അല്ലെങ്കിൽ മറ്റു മാധ്യമങ്ങൾ വഴി ക്ലാസുകളും ചർച്ചകളും നടത്തുന്നതിനും;

(ച) വൈകല്യങ്ങളുള്ള ഓരോ കുട്ടിക്കും അവന്റെ വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രത്യേക പുസ്തകങ്ങളും ഉപകരണങ്ങളും സൗജന്യമായി നൽകുന്നതിനും, പദ്ധതി തയ്യാറാക്കേണ്ടതാണ്.

28. ***പുതിയ സഹായോപകരണങ്ങൾ, അദ്ധ്യാപന സഹായികൾ മുതലായവ രൂപകൽപ്പന ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഗവേഷണം.***—വൈകല്യമുള്ള ഒരു കുട്ടിക്ക് വിദ്യാഭ്യാസത്തിൽ തുല്യ അവസരം നൽകുന്നതിനാവശ്യമായ പുതിയ സഹായോപകരണങ്ങളും അദ്ധ്യാപന സഹായികളും പ്രത്യേക അദ്ധ്യാപന വസ്തുക്കളും അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് ഇനങ്ങളും രൂപകൽപ്പന ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും ഉള്ള ഗവേഷണങ്ങൾ, സമുചിതസർക്കാരുകൾ, ആരംഭിക്കുകയോ ഔദ്യോഗിക സർക്കാരേതര ഏജൻസികളെക്കൊണ്ട് ആരംഭിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

29. ***വൈകല്യങ്ങളുള്ള കുട്ടികൾക്കായുള്ള വിദ്യാലയങ്ങൾക്കുവേണ്ടി പരിശീലനം ലഭിച്ച മനുഷ്യശക്തി വികസിപ്പിച്ചെടുക്കുന്നതിന് സമുചിതസർക്കാരുകൾ, അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്ന്.***—സമുചിതസർക്കാരുകൾ, വൈകല്യങ്ങളുള്ള കുട്ടികൾക്കായുള്ള പ്രത്യേക സ്കൂളുകളിലേക്കും ഇന്റഗ്രേറ്റഡ് സ്കൂളുകളിലേക്കും വേണ്ട പരിശീലനം സിദ്ധിച്ച മനുഷ്യശക്തി ലഭ്യമാക്കുന്നതിന് വൈകല്യങ്ങളെ സംബന്ധിച്ച് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടികൾ വികസിപ്പിക്കുന്നതിന് വേണ്ടത്ര എണ്ണം പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ദേശീയ സംഘടനകളെയും മറ്റ് സന്നദ്ധ സംഘടനകളെയും സഹായിക്കുകയും ചെയ്യേണ്ടതാണ്.

30. ***ഗതാഗത സൗകര്യങ്ങൾ, പുസ്തക വിതരണം മുതലായവ ഏർപ്പെടുത്തുന്നതിനുവേണ്ടി സമുചിതസർക്കാരുകൾ ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കണമെന്ന്.***—മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം, സമുചിത സർക്കാരുകൾ, വിജ്ഞാപനം വഴി, ഒരു സമഗ്രവിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുകയും, അതിൽ,—

(ക) വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഗതാഗത സൗകര്യമോ അല്ലെങ്കിൽ പകരമായി വൈകല്യങ്ങളുള്ള കുട്ടികളെ സ്കൂളുകളിൽ അയയ്ക്കുന്നതിന് കഴിയത്തക്കവിധം മാതാപിതാക്കൾക്കോ രക്ഷാകർത്താക്കൾക്കോ സാമ്പത്തിക പ്രോൽസാഹനമോ നൽകുക;

(ഖ) തൊഴിലധിഷ്ഠിതവും തൊഴിൽപരവുമായ പരിശീലനം നൽകിവരുന്ന സ്കൂളുകളിലെയോ കോളേജുകളിലെയോ മറ്റ് സ്ഥാപനങ്ങളിലെയോ നിർമ്മാണപ്പണികളിലെ പ്രതിബന്ധം നീക്കം ചെയ്യുക;

(ഗ) സ്കൂളുകളിൽ പഠിക്കുന്ന വൈല്യങ്ങളുള്ള കുട്ടികൾക്ക് പുസ്തകങ്ങളും യൂണിഫോറവും മറ്റ് വസ്തുക്കളും നൽകുക;

(ഘ) വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിക്കുക;

(ങ) വൈകല്യങ്ങളുള്ള തങ്ങളുടെ കുട്ടികളുടെ സ്ഥാനനിർണ്ണയത്തെ സംബന്ധിച്ച് മാതാ പിതാക്കൾക്കുള്ള സങ്കടനിവാരണത്തിനായി യുക്തമായ വേദികൾ ഉണ്ടാക്കുക;

(ച) അന്ധവിദ്യാർത്ഥികളുടെയും കാഴ്ചശക്തി കുറവുള്ള വിദ്യാർത്ഥികളുടെയും ഗുണത്തിനായി തനി ഗണിതശാസ്ത്രപരമായ ചോദ്യങ്ങൾ ഒഴിവാക്കുന്നതിന് പരീക്ഷാസമ്പ്രദായത്തിൽ അനുയോജ്യമായ മാറ്റം വരുത്തുക;

(ഛ) വൈകല്യങ്ങളുള്ള കുട്ടികളുടെ ഗുണത്തിനായി പാഠ്യപദ്ധതിയുടെ പുനഃക്രമീകരണം നടത്തുക;

(ജ) ശ്രവണക്ഷയമുള്ള വിദ്യാർത്ഥികളുടെ ഗുണത്തിനായി, അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമായി ഒരു ഭാഷ മാത്രം എടുക്കുന്നതിന് അവർക്ക് സൗകര്യമുണ്ടാക്കുന്നതിന് പാഠ്യപദ്ധതി പുനർ രൂപപ്പെടുത്തുക,

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

31. ***വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാഴ്ചയ്ക്ക് തടസ്സമുള്ള വിദ്യാർത്ഥികൾക്ക് കേട്ടെഴുത്തുകാരനെ ഏർപ്പെടുത്തണമെന്ന്.***—എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അന്ധരായ വിദ്യാർത്ഥികൾക്കും കാഴ്ചയ്ക്ക് തടസ്സമുള്ള വിദ്യാർത്ഥികൾക്കും കേട്ടെഴുത്തുകാരനെ ഏർപ്പാടാക്കുകയോ ഏർപ്പാടാക്കിക്കുകയോ സഹായിക്കുകയോ ചെയ്യേണ്ടതാണ്.

## അദ്ധ്യായം VI
## ജീവനം

32. ***വൈകല്യങ്ങളുള്ള ആളുകൾക്ക് സംവരണം ചെയ്യാവുന്ന തസ്തികകൾ തിരിച്ചറിയൽ.***—സമുചിത സർക്കാരുകൾ,—

(ക) വൈകല്യമുള്ള ആളുകൾക്കുവേണ്ടി സ്ഥാപനങ്ങളിൽ സംവരണം ചെയ്യാവുന്ന തസ്തികകൾ തിരിച്ചറിയുകയും;

(ഖ) സാങ്കേതികവിദ്യയുടെ വളർച്ച കണക്കിലെടുത്ത്, മൂന്ന് വർഷത്തിൽ കവിയാത്ത നിശ്ചിത ഇടവേളകളിൽ തിരിച്ചറിയപ്പെട്ട തസ്തികകളുടെ ലിസ്റ്റ് പുനഃപരിശോധിക്കുകയും കാലോചിതമാക്കുകയും,

ചെയ്യേണ്ടതാണ്.

33. ***തസ്തികകൾ സംവരണം ചെയ്യൽ.***—ഓരോ സമുചിതസർക്കാരും ഓരോ സ്ഥാപനങ്ങളിലും മൂന്ന് ശതമാനത്തിൽ കുറയാത്ത അത്രയും ശതമാനം ഒഴിവുകളിൽ വൈകല്യമുള്ള ആളുകളെയോ ആളുകളുടെ ഗണത്തെയോ നിയമിക്കേണ്ടതും, അതിൽ ഒരു ശതമാനം വീതം താഴെപ്പറയുന്ന വൈകല്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കായി, ഓരോ വൈകല്യത്തിനും തിരിച്ചറിയപ്പെട്ട തസ്തികകളിൽ സംവരണം ചെയ്യേണ്ടതുമാണ്—

(i) അന്ധതയോ കാഴ്ചക്കുറവോ;

(ii) ശ്രവണക്ഷയം;

(iii) ചലനപരമായ വൈകല്യം അല്ലെങ്കിൽ മസ്തിഷ്ക തളർവാതം :

എന്നാൽ, സമുചിതസർക്കാരിന്, ഏതെങ്കിലും വകുപ്പിലോ സ്ഥാപനത്തിലോ ചെയ്തുവരുന്ന ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് വിജ്ഞാപനം വഴി, അങ്ങനെയുള്ള വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ, ഏതെങ്കിലുമുണ്ടെങ്കിൽ അതിന് വിധേയമായി, ഏതെങ്കിലും സ്ഥാപനത്തെ ഈ വകുപ്പിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കാവുന്നതാണ്.

34. ***പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്.***—(1) സമുചിതസർക്കാരിന് വിജ്ഞാപനം വഴി, ഓരോ സ്ഥാപനത്തിലെയും തൊഴിൽദായകനോട് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള തീയതി മുതൽ ആ സ്ഥാപനത്തിൽ വൈകല്യങ്ങളുള്ള ആളുകൾക്കായി ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻ

സാദ്ധ്യത ഉള്ളതോ ആയ നിശ്ചയിക്കപ്പെട്ട ഒഴിവുകളെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങളോ റിട്ടേണോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് നൽകുന്നതിന് ആവശ്യപ്പെടാവുന്നതും അതിൻമേൽ ആ സ്ഥാപനം അങ്ങനെയുള്ള ആവശ്യപ്പെടൽ അനുസരിക്കേണ്ടതുമാണ്.

(2) വിവരമോ റിട്ടേണുകളോ നൽകേണ്ട ഫാറവും അവ നൽകേണ്ട ഇടവേളകളുടെ സമയവും അവയിൽ അടങ്ങിയിരിക്കേണ്ട വിശദാംശങ്ങളും നിർണ്ണയിക്കപ്പെടാവുന്നവിധം ആയിരിക്കേണ്ടതാണ്.

35. *ഏതൊരു സ്ഥാപനത്തിന്റെയും കൈവശമുള്ള രേഖയോ പ്രമാണമോ പരിശോധിക്കാനുള്ള അധികാരം.*—പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രേഖാമൂലം അധികാരപ്പെടുത്തിയ ഏതൊൾക്കും ഏതൊരു സ്ഥാപനത്തിന്റെയും കൈവശമുള്ള ഏതെങ്കിലും പ്രസക്തമായ രേഖയ്ക്കോ പ്രമാണത്തിനോ പ്രാപ്യത ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള രേഖയോ പ്രമാണമോ ഉണ്ടായിരിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുന്ന പരിസരങ്ങളിൽ ന്യായമായ ഏതുസമയത്തും പ്രവേശിക്കാവുന്നതും, പ്രസക്തമായ രേഖകളോ പ്രമാണങ്ങളോ പരിശോധിക്കുകയോ അവയുടെ പകർപ്പുകൾ എടുക്കുകയോ ഏതെങ്കിലും വിവരം ലഭിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും ചോദ്യം ചോദിക്കുകയോ ചെയ്യാവുന്നതുമാണ്.

36. *നികത്താത്ത ഒഴിവുകൾ എടുത്തെഴുതണമെന്ന്.*—ഏതെങ്കിലും നിയമനവർഷം 33-ാം വകുപ്പു പ്രകാരമുള്ള ഏതെങ്കിലും ഒഴിവ്, അനുയോജ്യനായ വൈകല്യമുള്ള ആളെ ലഭ്യമല്ലാത്തതുകൊണ്ടോ മതിയായ മറ്റേതെങ്കിലും കാരണങ്ങളാലോ നികത്താൻ കഴിയാതെ വരുന്നിടത്ത്, അങ്ങനെയുള്ള ഒഴിവുകൾ അടുത്ത നിയമനവർഷത്തിലേതിനോട് എടുത്തെഴുതേണ്ടതും അടുത്ത നിയമനവർഷവും അനുയോജ്യനായ വൈകല്യമുള്ള ആളെ ലഭ്യമല്ലാതെ വന്നാൽ ആദ്യം അത് മൂന്ന് വിഭാഗങ്ങൾക്കിടയിൽനിന്നും പരസ്പര മാറ്റത്തിലൂടെ നികത്തേണ്ടതും, ആ വർഷവും ആ തസ്തികയിലേക്ക് വൈകല്യമുള്ള ആളെ ലഭ്യമല്ലാതെ വന്നാൽമാത്രം തൊഴിൽദായകൻ വൈകല്യമില്ലാത്ത മറ്റൊരാളെ നിയമിച്ചുകൊണ്ട് ആ ഒഴിവ് നികത്തേണ്ടതുമാണ്:

എന്നാൽ, ഒരു സ്ഥാപനത്തിലുള്ള ഒഴിവുകളുടെ സ്വഭാവം ഒരു നിർദ്ദിഷ്ട വിഭാഗത്തിൽപ്പെട്ട ആളെ നിയമിക്കാൻ പറ്റാത്ത പ്രകാരമുള്ളതാണെങ്കിൽ, ആ ഒഴിവുകൾ സമുചിതസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മൂന്നുവിഭാഗങ്ങൾക്കിടയിൽ പരസ്പരം മാറ്റാവുന്നതാണ്.

37. *തൊഴിൽദായകർ രേഖകൾ സൂക്ഷിക്കണമെന്ന്.*—(1) ഓരോ തൊഴിൽദായകനും, അദ്ദേഹത്തിന്റെ സ്ഥാപനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള വൈകല്യമുള്ള ആളെ സംബന്ധിച്ച് അപ്രകാരമുള്ള രേഖകൾ സമുചിതസർക്കാർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും സൂക്ഷിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സൂക്ഷിച്ചിട്ടുള്ള രേഖകൾ സമുചിതസർക്കാരിന്റെ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി, ഇതിലേക്കായി അധികാരപ്പെടുത്താവുന്ന ആളുകൾക്ക് പരിശോധനയ്ക്ക് ന്യായമായ ഏതുസമയത്തും ലഭ്യമായിരിക്കേണ്ടതാണ്.

38. *വൈകല്യങ്ങളുള്ള ആളുകൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ.*—(1) സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും, വിജ്ഞാപനം വഴി, വൈകല്യങ്ങളുള്ള ആളുകൾക്ക് ജീവനം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും, അങ്ങനെയുള്ള പദ്ധതികളിൽ,—

(ക) വൈകല്യങ്ങളുള്ള ആളുകളുടെ പരിശീലനത്തിനും ക്ഷേമത്തിനും;

(ഖ) ഉയർന്ന പ്രായപരിധിയിൽ ഇളവുവരുത്തുന്നതിനും;

(ഗ) ജീവനം ക്രമീകരിക്കുന്നതിനും;

(ഘ) വൈകല്യങ്ങളുള്ള ആളുകൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ ആരോഗ്യ-സുരക്ഷാ ഏർപ്പാടുകളും തടസ്സരഹിതമായ പരിസരവും സൃഷ്ടിക്കുന്നതിനും;

(ങ) പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റെ ചെലവുകൾ ഏത് രീതിയിലും ഏത് വ്യക്തികളാലും വഹിക്കപ്പെടണമെന്നും;

(ച) പദ്ധതിയുടെ ഭരണനിർവഹണത്തിന് ഉത്തരവാദപ്പെട്ട അധികാരസ്ഥാനം രൂപീകരിക്കുന്നതിനും, വ്യവസ്ഥ ചെയ്യാവുന്നതാണ്.

39. *എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള ആളുകൾക്ക് സീറ്റുകൾ സംവരണം ചെയ്യണമെന്ന്.*—എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്ന മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും മൂന്നുശതമാനത്തിൽ കുറയാതെ സീറ്റുകൾ വൈകല്യങ്ങളുള്ള ആളുകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

40. ***ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിൽ ഒഴിവുകൾ സംവരണം ചെയ്യപ്പെടണമെന്ന്.***—സമുചിത സർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും, എല്ലാ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിലും വൈകല്യങ്ങളുള്ള ആളുകളുടെ പ്രയോജനത്തിനായി മൂന്നുശതമാനത്തിൽ കുറയാതെ സീറ്റുകൾ സംവരണം ചെയ്യേണ്ടതാണ്.

41. ***തൊഴിൽശക്തിയുടെ അഞ്ചുശതമാനം വൈകല്യങ്ങളുള്ള ആളുകൾ ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിന് തൊഴിൽദായകർക്ക് പ്രോൽസാഹനങ്ങൾ.***—സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും അവരുടെ സാമ്പത്തിക പ്രാപ്തിയുടെയും വളർച്ചയുടെയും പരിധിക്കുള്ളിൽനിന്നുകൊണ്ട്, പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും തൊഴിൽദായകർക്ക് അവരുടെ തൊഴിൽ ശക്തിയിൽ കുറഞ്ഞത് അഞ്ചുശതമാനമെങ്കിലും വൈകല്യങ്ങളുള്ള ആളുകൾ ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്.

## അദ്ധ്യായം VII

## സ്വീകാരാത്മകമായ നടപടി

42. ***വൈകല്യങ്ങളുള്ള ആളുകൾക്ക് സഹായങ്ങളും ഉപകരണങ്ങളും.***—സമുചിതസർക്കാരുകൾ, വിജ്ഞാപനം വഴി, വൈകല്യങ്ങളുള്ള ആളുകൾക്ക് സഹായങ്ങളും ഉപകരണങ്ങളും നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കേണ്ടതാണ്.

43. ***ചില ആവശ്യങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ഭൂമി വിഭജിച്ച് നൽകുന്നതിനുള്ള പദ്ധതികൾ.***—സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും, വിജ്ഞാപനം വഴി, വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി മുൻഗണനാടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് അനുകൂല നിരക്കിൽ ഭൂമി വിഭജിച്ച് നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്,—

(ക) വീട്;

(ഖ) ബിസിനസ് ആരംഭിക്കുക;

(ഗ) പ്രത്യേക വിനോദകേന്ദ്രങ്ങൾ ആരംഭിക്കുക;

(ഘ) പ്രത്യേക വിദ്യാലയങ്ങൾ സ്ഥാപിക്കുക;

(ങ) ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങുക;

(ച) വൈകല്യങ്ങളുള്ള സംരംഭകർവഴി ഫാക്ടറികൾ സ്ഥാപിക്കുക.

## അദ്ധ്യായം VIII

## വിവേചനരാഹിത്യം

44. ***ഗതാഗതത്തിൽ വിവേചനരാഹിത്യം.***—ഗതാഗതമേഖലയിലുള്ള സ്ഥാപനങ്ങൾ അവയുടെ സാമ്പത്തിക പ്രാപ്തിയുടെയും വളർച്ചയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് വൈകല്യങ്ങളുള്ള ആളുകളുടെ ഗുണത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതാണ്,—

(ക) റെയിൽ കമ്പാർട്ടുമെന്റുകൾ, ബസ്സുകൾ, ജലയാനങ്ങൾ, വിമാനങ്ങൾ എന്നിവ അങ്ങനെയുള്ള ആളുകൾക്ക് ആയാസരഹിതമായി പ്രവേശിക്കുന്നതിന് അനുയോജ്യമാക്കുക;

(ഖ) റെയിൽ കമ്പാർട്ടുമെന്റുകൾ, ജലയാനങ്ങൾ, വിമാനങ്ങൾ, വിശ്രമമുറികൾ എന്നിവയിലെ ടോയ്‌ലെറ്റുകൾ വീൽ കസേര ഉപയോഗിക്കുന്നവർക്ക് അവ സൗകര്യപൂർവ്വം ഉപയോഗിക്കുന്നതിന് അനുയോജ്യമാക്കുക.

45. ***നിരത്തുകളിൽ വിവേചനരാഹിത്യം.***—സമുചിതസർക്കാരുകളും തദ്ദേശാധികാരസ്ഥാപനങ്ങളും അവരുടെ സാമ്പത്തിക പ്രാപ്തിയുടെയും വളർച്ചയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യേണ്ടതാണ്,—

(ക) കാഴ്ചയ്ക്ക് വൈകല്യമുള്ള ആളുകളുടെ ഗുണത്തിനായി പൊതുനിരത്തുകളിലെ ചുവന്നലൈറ്റുകൾ ഉള്ളിടത്ത് ശ്രവണ അടയാളങ്ങൾ സ്ഥാപിക്കുക;

(ഖ) വീൽ കസേര ഉപയോഗിക്കുന്നവർക്ക് ആയാസരഹിതമായി പ്രവേശിക്കുന്നതിന് നടപ്പാതകളിൽ തടകൾ മുറിക്കുകയും ചരിവുണ്ടാക്കുകയും ചെയ്യുക;

(ഗ) അന്ധർക്കും കാഴ്ചശക്തി കുറവുള്ളവർക്കും വേണ്ടി സീബ്രാക്രോസിംഗിന്റെ ഉപരിതലത്തിൽ കൊത്തുവേല ചെയ്യുക;

(ഘ) അന്ധർക്കും കാഴ്ചശക്തി കുറവുള്ളവർക്കും വേണ്ടി റെയിൽവേ പ്ലാറ്റുഫോമുകളുടെ അരികുകളിൽ കൊത്തുവേല ചെയ്യുക;

(ങ) വൈകല്യങ്ങളെ സംബന്ധിച്ച് ഉചിതമായ ചിഹ്നങ്ങൾ വിന്യസിക്കുക;

(ച) ഉചിതമായ സ്ഥലങ്ങളിൽ അടയാളങ്ങൾകൊണ്ട് മുന്നറിയിപ്പ് നൽകുക.

46. ***നിർമ്മിത പരിസ്ഥിതികളിൽ വിവേചനരാഹിത്യം.***—സമുചിതസർക്കാരുകളും തദ്ദേശ അധികാര സ്ഥാപനങ്ങളും അവരുടെ സാമ്പത്തിക പ്രാപ്തിയുടെയും വളർച്ചയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യേണ്ടതാണ്,—

(ക) പൊതു കെട്ടിടങ്ങളിൽ രണ്ട് പ്രതലങ്ങളെ യോജിപ്പിക്കുന്ന ചരിവുകൾ;

(ഖ) വീൽ കസേര ഉപയോഗിക്കുന്നവർക്ക് ടോയ്‌ലെറ്റുകൾ അനുയോജ്യമാക്കൽ;

(ഗ) ലിഫ്റ്റുകളിലോ എലിവേറ്ററുകളിലോ ബ്രെയ്‌ലി ചിഹ്നങ്ങളും ശ്രവ്യചിഹ്നങ്ങളും;

(ഘ) ആശുപത്രികളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും മറ്റ് വൈദ്യരക്ഷാ പുനരധിവാസ സ്ഥാപനങ്ങളിലും രണ്ട് പ്രതലങ്ങളെ യോജിപ്പിക്കുന്നതിനുള്ള ചരിവുകൾ.

47. ***സർക്കാർ ജീവനത്തിൽ വിവേചനരാഹിത്യം.***—(1) ഒരു സ്ഥാപനവും സേവനകാലത്ത് വൈകല്യം ബാധിക്കുന്ന ഒരു ജീവനക്കാരനെ ഒഴിവാക്കുകയോ പദവിയിൽനിന്ന് തരംതാഴ്ത്തുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഒരു ജീവനക്കാരൻ വൈകല്യം ബാധിച്ചതിനുശേഷം അയാൾ വഹിച്ചിരുന്ന തസ്തികയിലേക്ക് അനുയോജ്യനല്ലാതാവുകയാണെങ്കിൽ അയാളെ അതേ ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളോടും കൂടി മറ്റേതെങ്കിലും തസ്തികയിലേക്ക് മാറ്റാവുന്നതാണ്:

എന്നുമാത്രമല്ല, ആ ജീവനക്കാരനെ ഏതെങ്കിലും തസ്തികയിൽ ക്രമീകരിക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ അനുയോജ്യമായ മറ്റൊരു തസ്തിക ഉണ്ടാകുന്നതുവരെയോ അല്ലെങ്കിൽ അയാൾക്ക് പെൻഷൻ പ്രായം ആകുന്നതുവരെയോ അതിൽ ഏതാണൊ ആദ്യം സംഭവിക്കുന്നത് അതുവരെ ഒരു സംഖ്യാതീത തസ്തികയിൽ നിലനിറുത്താവുന്നതാണ്.

(2) ഒരാൾക്ക് വൈകല്യമുണ്ട് എന്ന കാരണത്താൽ മാത്രം അയാൾക്ക് ഉദ്യോഗക്കയറ്റം നിഷേധിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, സമുചിതസർക്കാരിന് ഏതെങ്കിലും സ്ഥാപനത്തിൽ ചെയ്തുവരുന്ന ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് വിജ്ഞാപനം വഴി, അങ്ങനെയുള്ള വിജ്ഞാപനത്തിൽ പറയാവുന്ന നിബന്ധനകൾക്ക് വിധേയമായി, ഏതെങ്കിലുമുണ്ടെങ്കിൽ ഏതെങ്കിലും സ്ഥാപനത്തെ ഈ വകുപ്പിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കാവുന്നതാണ്.

## അദ്ധ്യായം IX

## ഗവേഷണവും മനുഷ്യശക്തി വികസനവും

48. ***ഗവേഷണം.***—സമുചിതസർക്കാരുകളും തദ്ദേശ അധികാരസ്ഥാപനങ്ങളും മറ്റു സംഗതികൾക്കിടയിൽ താഴെപ്പറയുന്ന മേഖലകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുകയും ചെലവ് വഹിക്കുകയും ചെയ്യേണ്ടതാണ്,—

(ക) വൈകല്യം തടയൽ;

(ഖ) പുനരധിവാസം, സമുദായം അടിസ്ഥാനമാക്കിയുള്ള പുനരധിവാസം ഉൾപ്പെടെ;

(ഗ) അവരുടെ മാനസിക സാമൂഹിക വശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സഹായോപകരണങ്ങൾ വികസിപ്പിച്ചെടുക്കുക;

(ഘ) തൊഴിൽ തിരിച്ചറിയൽ;

(ങ) ആഫീസുകളിലും തൊഴിൽശാലകളിലും പ്രവൃത്തി ചെയ്യുന്ന സ്ഥാനം രൂപഭേദപ്പെടുത്തൽ

49. ***ഗവേഷണം ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് സർവ്വകലാശാലകൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ.***—സമുചിതസർക്കാരുകൾ പ്രത്യേക വിദ്യാഭ്യാസം, പുനരധിവാസം, മനുഷ്യശക്തി വികസനം എന്നിവയുടെ, ഗവേഷണം ഏറ്റെടുക്കുന്നതിനുവേണ്ടി സർവ്വകലാശാലകൾക്കും, മറ്റ് ഉപരിപഠന സ്ഥാപനങ്ങൾക്കും തൊഴിൽപരമായ നികായങ്ങൾക്കും സർക്കാരേതര ഗവേഷണ യൂണിറ്റുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവയ്ക്കും സാമ്പത്തിക സഹായം ഏർപ്പാടാക്കേണ്ടതാണ്.

## അദ്ധ്യായം X

## വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളെ അംഗീകരിക്കൽ

50. ***ക്ഷമതയുള്ള അധികാരസ്ഥാനം.***—സംസ്ഥാനസർക്കാർ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, അതിന് യുക്തമെന്നുതോന്നുന്ന ഏതെങ്കിലും അധികാരസ്ഥാനത്തെ ക്ഷമതയുള്ള ഒരു അധികാര സ്ഥാനമായി നിയമിക്കേണ്ടതാണ്.

51. ***യാതൊരാളും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമല്ലാതെ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി ഒരു സ്ഥാപനം സ്ഥാപിക്കുവാനോ പരിപാലിക്കുവാനോ പാടുള്ളതല്ലെന്ന്.***—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, യാതൊരാളും ക്ഷമതയുള്ള അധികാരസ്ഥാനം ഇതിലേക്കായി നൽകിയിട്ടുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരവും അതനുസരിച്ചും അല്ലാതെ വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടി ഏതെങ്കിലും സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള ഒരു സ്ഥാപനം പരിപാലിച്ചുവരുന്ന ഒരാൾക്ക്, അങ്ങനെയുള്ള പ്രാബല്യം മുതൽ ആറു മാസക്കാലം വരെയും, ആറുമാസക്കാലാവധിക്കുള്ളിൽ ഈ വകുപ്പുപ്രകാരമുള്ള സർട്ടിഫിക്കറ്റിന് ഒരു അപേക്ഷ അയാൾ നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെയും അങ്ങനെയുള്ള സ്ഥാപനം തുടർന്ന് പരിപാലിക്കാവുന്നതാണ്.

52. ***രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.***—(1) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഓരോ അപേക്ഷയും സംസ്ഥാനസർക്കാർ നിർണ്ണയിച്ചിട്ടുള്ള അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും ക്ഷമതയുള്ള അധികാരസ്ഥാനത്തിന് കൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പകാരമുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ, ക്ഷമതയുള്ള അധികാര സ്ഥാനം, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തേണ്ടതും, അപേക്ഷകൻ ഈ ആക്റ്റിലും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും ആവശ്യപ്പെട്ടിട്ടുള്ളവ അനുസരിച്ചിട്ടുണ്ടെന്ന് അതിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അപേക്ഷകന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതും, അങ്ങനെ ബോദ്ധ്യപ്പെട്ടിട്ടില്ലായെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, അപേക്ഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് ഒരു ഉത്തരവുമൂലം നിരസിക്കാവുന്നതുമാണ്:

എന്നാൽ, ക്ഷമതയുള്ള അധികാരസ്ഥാനം, സർട്ടിഫിക്കറ്റ് നൽകുന്നത് നിരസിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ്, അപേക്ഷകന് കേൾക്കപ്പെടുവാനുള്ള ന്യായമായ ഒരു അവസരം നൽകേണ്ടതും, സർട്ടിഫിക്കറ്റ് നൽകുന്നത് നിരസിച്ചുകൊണ്ടുള്ള ഓരോ ഉത്തരവും സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന രീതിയിൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

(3) അപേക്ഷ നൽകപ്പെട്ടിട്ടുള്ള സ്ഥാപനം സംബന്ധിച്ച് അത് സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും അങ്ങനെയുള്ള നിലവാരം വച്ചു പോരുവാനും കഴിയുന്ന അവസ്ഥയിലല്ലാത്തപക്ഷം, (2)-ാം ഉപവകുപ്പു പ്രകാരം യാതൊരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും അനുവദിക്കുവാൻ പാടുള്ളതല്ല.

(4) ഈ വകുപ്പു പ്രകാരം അനുവദിച്ചിട്ടുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്,—

(ക) 53-ാം വകുപ്പു പ്രകാരം റദ്ദാക്കിയിട്ടില്ലെങ്കിൽ സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന അപ്രകാരമുള്ള കാലയളവുവരെ പ്രാബല്യത്തിലിരിക്കുന്നതും;

(ഖ) കാലാകാലങ്ങളിൽ അതുപോലുള്ള കാലയളവിലേക്ക് പുതുക്കാവുന്നതും;

(ഗ) സംസ്ഥാനസർക്കാർ, നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായിരിക്കേണ്ടതും,

ആകുന്നു.

(5) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള ഒരു അപേക്ഷ, അറുപത് ദിവസത്തിൽ കുറയാത്ത സാധുതാ കാലയളവിനുമുമ്പ് കൊടുക്കേണ്ടതാണ്.

(6) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാണത്തക്ക സ്ഥലത്ത്, സ്ഥാപനം, പ്രദർശിപ്പിക്കേണ്ടതാണ്.

53. ***സർട്ടിഫിക്കറ്റ് റദ്ദാക്കൽ.***—(1) ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, 52-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ—

(ക) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനോ പുതുക്കുന്നതിനോവേണ്ടി ഏതെങ്കിലും അപേക്ഷ സംബന്ധിച്ച മുഖ്യ വിവരങ്ങളിൽ തെറ്റായോ വ്യാജമായോ ഉള്ള പ്രസ്താവന നൽകിയെന്ന്; അല്ലെങ്കിൽ

(ഖ) സർട്ടിഫിക്കററ് ഏത് ചട്ടങ്ങൾക്കോ നിബന്ധനകൾക്കോ വിധേയമായാണോ നൽകിയത് അവ ലംഘിക്കുകയോ ലംഘിക്കുവാൻ കാരണമാകുകയോ ചെയ്തുവെന്ന് അതിന് വിശ്വസിക്കാൻ ന്യായ മായ കാരണങ്ങളുണ്ടെങ്കിൽ, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തി യശേഷം, ഉത്തരവുമൂലം സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്:

എന്നാൽ, സർട്ടിഫിക്കറ്റ് റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കാൻ സർട്ടിഫിക്കറ്റിന്റെ കൈവശ ക്കാരന് ഒരവസരം നൽകുന്നതുവരെ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു സ്ഥാപനത്തെ സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെടുക യാണെങ്കിൽ, അങ്ങനെയുള്ള റദ്ദാക്കൽ തീയതി മുതൽ അങ്ങനെയുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിക്കുന്നതാണ്:

എന്നാൽ, റദ്ദാക്കൽ ഉത്തരവിന് എതിരായി 54-ാം വകുപ്പുപ്രകാരം അപ്പീൽ ഉള്ളിടത്ത്—

(ക) അപ്പീൽ ബോധിപ്പിച്ചിട്ടില്ലെങ്കിൽ അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കുവാൻ നിർണ്ണ യിച്ചിട്ടുള്ള സമയപരിധി തീരുന്ന ഉടനെതന്നെ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കുകയും, എന്നാൽ, റദ്ദാക്കൽ ഉത്തരവ് ശരിവയ്ക്കു കയും ചെയ്യുകയാണെങ്കിൽ അപ്പീൽ ഉത്തരവിന്റെ തീയതി മുതൽ അങ്ങനെയുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിക്കുന്നതാണ്.

(3) ഒരു സ്ഥാപനത്തെ സംബന്ധിച്ചുള്ള ഒരു സർട്ടിഫിക്കറ്റ് റദ്ദാക്കുമ്പോൾ, അങ്ങനെയുള്ള റദ്ദാക്കൽ തീയതിയിൽ, അങ്ങനെയുള്ള സ്ഥാപനത്തിൽ ഒരു അന്തേവാസിയായിരിക്കുന്ന വൈകല്യങ്ങളുള്ള ഏതെങ്കിലും ആളെ ക്ഷമതയുള്ള അധികാരസ്ഥാനത്തിന്—

(ക) അതത്സംഗതിപോലെ, അവന്റെയോ, അവളുടെയോ മാതാപിതാക്കളുടെയോ, ഭാര്യ യുടെയോ, ഭർത്താവിന്റെയോ നിയമാനുസൃത രക്ഷാകർത്താവിന്റെയോ സംരക്ഷണയിൽ വിട്ടുകൊടുക്കു വാൻ ; അല്ലെങ്കിൽ

(ഖ) ക്ഷമതയുള്ള അധികാരസ്ഥാനം പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും സ്ഥാപനത്തിലേക്ക് മാറ്റുവാൻ, നിർദ്ദേശിക്കാവുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം റദ്ദാക്കപ്പെട്ട ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഓരോ സ്ഥാപനവും, അങ്ങനെയുള്ള റദ്ദാക്കലിനുശേഷം, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് ഉടൻതന്നെ തിരിച്ചേൽപ്പിക്കേണ്ടതാണ്.

54. ***അപ്പീൽ.***—(1) ഒരു സർട്ടിഫിക്കറ്റ് നൽകുന്നത് നിരസിച്ചുകൊണ്ടോ സർട്ടിഫിക്കറ്റ് റദ്ദാക്കി ക്കൊണ്ടോ ഉള്ള ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊ രാളും, അങ്ങനെയുള്ള നിരസിക്കലിനോ റദ്ദാക്കലിനോ എതിരായി സംസ്ഥാനസർക്കാർ നിർണ്ണയിക്കാ വുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ, ആ സർക്കാർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള അപ്പീലിൻമേലുള്ള സംസ്ഥാനസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

55. ***കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ സ്ഥാപിച്ചിട്ടുള്ളതോ നടത്തിപ്പോരുന്നതോ ആയ സ്ഥാപനങ്ങൾക്ക് ഈ ആക്റ്റ് ബാധകമല്ലെന്ന്.***—ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നും കേന്ദ്രസർക്കാരോ ഒരു സംസ്ഥാനസർക്കാരോ സ്ഥാപിച്ചിട്ടുള്ളതോ നടത്തിപ്പോരുന്നതോ ആയ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള ഒരു സ്ഥാപനത്തിന് ബാധകമാകുന്നതല്ല.

അദ്ധ്യായം XI

## ഗുരുതരമായ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ

*56. ഗുരുതരമായ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ.*—(1) സമുചിത സർക്കാർ, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സ്ഥലങ്ങളിൽ ഗുരുതരമായ വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടി സ്ഥാപനങ്ങൾ സ്ഥാപിക്കാവുന്നതും നടത്തിപ്പോരാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനമല്ലാതെ, മറ്റേതെങ്കിലും സ്ഥാപനം ഗുരുതരമായ വൈകല്യങ്ങളുള്ള ആളുകളുടെ പുനരധിവാസത്തിന് അനുയോജ്യമാണെന്ന് സമുചിത സർക്കാരിന് അഭിപ്രായമുള്ളിടത്ത്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി അങ്ങനെയുള്ള സ്ഥാപനത്തെ ഗുരുതര വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള ഒരു സ്ഥാപനമായി സർക്കാരിന് അംഗീകരിക്കാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും ആവശ്യങ്ങൾ അങ്ങനെയുള്ള സ്ഥാപനം പാലിച്ചിട്ടില്ലാത്തപക്ഷം, യാതൊരു സ്ഥാപനത്തെയും ഈ വകുപ്പുപ്രകാരം അംഗീകരിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള ഓരോ സ്ഥാപനവും, സമുചിതസർക്കാർ നിർണ്ണയിക്കാവുന്ന രീതിയിൽ പരിപാലിക്കേണ്ടതും അങ്ങനെയുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാകുന്നു.

(4) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ഗുരുതരമായ വൈകല്യമുള്ള ആൾ" എന്നാൽ എൺപതുശതമാനമോ അതിലധികമോ ഒന്നോ അതിലധികമോ വൈകല്യങ്ങളുള്ള ആൾ എന്നർത്ഥമാകുന്നു.

അദ്ധ്യായം XII

## വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള മുഖ്യകമ്മീഷണറും കമ്മീഷണർമാരും

57. *വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള മുഖ്യകമ്മീഷണറുടെ നിയമനം.*—(1) കേന്ദ്ര സർക്കാരിന് വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഒരു മുഖ്യകമ്മീഷണറെ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി നിയമിക്കാവുന്നതാണ്.

(2) ഒരാൾ മുഖ്യകമ്മീഷണറായുള്ള നിയമനത്തിന്, പുനരധിവാസത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രത്യേക അറിവോ പ്രായോഗിക പരിജ്ഞാനമോ ഇല്ലാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

(3) മുഖ്യകമ്മീഷണർക്ക് നൽകാവുന്ന ശമ്പളവും ബത്തകളും മററ് സർവ്വീസ് വ്യവസ്ഥകളും നിബന്ധനകളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ) കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) കേന്ദ്രസർക്കാർ, മുഖ്യകമ്മീഷണറെ തന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ സഹായിക്കുന്നതിന് ആവശ്യമുള്ള ആഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും തരവും വിഭാഗവും തീരുമാനിക്കേണ്ടതും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ആഫീസർമാരെയും മറ്റ് ജീവനക്കാരെയും മുഖ്യകമ്മീഷണർക്ക് നൽകേണ്ടതുമാണ്.

(5) മുഖ്യകമ്മീഷണർക്ക് നൽകപ്പെട്ട ആഫീസർമാരും ജീവനക്കാരും മുഖ്യകമ്മീഷണറുടെ പൊതുവായ മേൽനോട്ടത്തിൻകീഴിൽ അവരുടെ ചുമതലകൾ നിർവഹിക്കേണ്ടതാണ്.

(6) മുഖ്യകമ്മീഷണർക്ക് നൽകപ്പെട്ട ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സർവ്വീസ് നിബന്ധനകളും കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

58. ***മുഖ്യകമ്മീഷണറുടെ ചുമതലകൾ.***—മുഖ്യകമ്മീഷണർ—

(ക) കമ്മീഷണർമാരുടെ ജോലി ഏകോപിപ്പിക്കുകയും;

(ഖ) കേന്ദ്രസർക്കാർ വിതരണം ചെയ്ത ഫണ്ടിന്റെ വിനിയോഗം തുടർച്ചയായി നിരീക്ഷിക്കുകയും;

(ഗ) വൈകല്യങ്ങളുള്ള ആളുകൾക്ക് ലഭ്യമാക്കിയിട്ടുള്ള അവകാശങ്ങളും സൗകര്യങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടികളെടുക്കുകയും;

(ഘ) കേന്ദ്രസർക്കാരിന്, ആ സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ ഈ ആക്റ്റ് നടപ്പാക്കുന്നതിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുകയും,

ചെയ്യേണ്ടതാണ്.

59. ***വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ഇല്ലാതാക്കുന്നതു സംബന്ധിച്ച പരാതികൾ മുഖ്യകമ്മീഷണർ പരിശോധിക്കണമെന്ന്.***—58-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം, മുഖ്യകമ്മീഷണർക്ക് സ്വമേധയായോ സങ്കടം അനുഭവിക്കുന്ന ഏതെങ്കിലും ഒരാളിന്റെ അപേക്ഷയിന്മേലോ, മറ്റു വിധത്തിലോ—

(ക) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ഇല്ലാതാക്കൽ;

(ഖ) വൈകല്യങ്ങളുള്ള ആളുകളുടെ ക്ഷേമത്തിനും അവകാശങ്ങളുടെ സംരക്ഷണത്തിനുംവേണ്ടി സമുചിതസർക്കാരുകളോ തദ്ദേശാധികാരസ്ഥാപനങ്ങളോ പുറപ്പെടുവിച്ചതോ ഉണ്ടാക്കിയതോ ആയ നിയമങ്ങളോ ചട്ടങ്ങളോ ബൈലാകളോ റഗുലേഷനുകളോ നിർവാഹക ഉത്തരവുകളോ മാർഗ്ഗനിർദ്ദേശരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കൽ,

എന്നീ കാര്യങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിക്കാവുന്നതും ആ സംഗതി സമുചിത അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതുമാണ്.

60. ***വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടി കമ്മീഷണർമാരെ നിയമിക്കൽ.***—(1) ഓരോ സംസ്ഥാനസർക്കാരിനും വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടി ഒരു കമ്മീഷണറെ നിയമിക്കാവുന്നതാണ്.

(2) ഒരാൾ കമ്മീഷണറായുള്ള നിയമനത്തിന്, പുനരധിവാസത്തെ സംബന്ധിക്കുന്ന സംഗതികളിൽ പ്രത്യേക അറിവോ പ്രായോഗിക പരിജ്ഞാനമോ ഇല്ലാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

(3) കമ്മീഷണർക്ക് നൽകാവുന്ന ശമ്പളവും ബത്തകളും മറ്റ് സർവ്വീസ് വ്യവസ്ഥകളും നിബന്ധനകളും ഉപാധികളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ) സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) സംസ്ഥാനസർക്കാർ, കമ്മീഷണറെ തന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ സഹായിക്കുന്നതിന് ആവശ്യമുള്ള ആഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും തരവും വിഭാഗവും തീരുമാനിക്കേണ്ടതും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ആഫീസർമാരെയും മറ്റ് ജീവനക്കാരെയും കമ്മീഷണർക്ക് നൽകേണ്ടതുമാണ്.

(5) കമ്മീഷണർക്ക് നൽകപ്പെട്ട ആഫീസർമാരും ജീവനക്കാരും കമ്മീഷണറുടെ പൊതുവായ മേൽനോട്ടത്തിൻകീഴിൽ അവരുടെ ചുമതലകൾ നിർവഹിക്കേണ്ടതാണ്.

(6) കമ്മീഷണർക്ക് നൽകപ്പെട്ട ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സർവ്വീസ് നിബന്ധനകളും സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

61. ***കമ്മീഷണറുടെ അധികാരങ്ങൾ.***—കമ്മീഷണർ സംസ്ഥാനത്തിനകത്ത്—

(ക) വൈകല്യങ്ങളുള്ള ആളുകളുടെ ഗുണത്തിനുവേണ്ടിയുള്ള കർമ്മപരിപാടികൾക്കും പദ്ധതികൾക്കുംവേണ്ടി സംസ്ഥാനസർക്കാരിന്റെ വകുപ്പുകളുമായി ഏകോപിപ്പിക്കുകയും;

(ഖ) സംസ്ഥാനസർക്കാർ വിതരണം ചെയ്ത ഫണ്ടിന്റെ വിനിയോഗം തുടർച്ചയായി നിരീക്ഷിക്കുകയും;

(ഗ) വൈകല്യങ്ങളുള്ള ആളുകൾക്ക് ലഭ്യമാക്കിയിട്ടുള്ള അവകാശങ്ങളും സൗകര്യങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടികളെടുക്കുകയും;

(ഘ) സംസ്ഥാനസർക്കാരിന്, ആ സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ, ഈ ആക്റ്റ് നടപ്പാക്കുന്നതിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് മുഖ്യകമ്മീഷണർക്ക് അയച്ചുകൊടുക്കുകയും,

ചെയ്യേണ്ടതാണ്.

62. ***വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ഇല്ലാതാക്കുന്നതു സംബന്ധിച്ച സംഗതികളെപ്പറ്റിയുള്ള പരാതികൾ കമ്മീഷണർ പരിശോധിക്കണമെന്ന്.***—61-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം, കമ്മീഷണർക്ക് സ്വമേധയായോ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന്റെ അപേക്ഷയിന്മേലോ, മറ്റ് വിധത്തിലോ—

(ക) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ഇല്ലാതാക്കൽ;

(ഖ) വൈകല്യങ്ങളുള്ള ആളുകളുടെ ക്ഷേമത്തിനും അവകാശങ്ങളുടെ സംരക്ഷണത്തിനുംവേണ്ടി സമുചിതസർക്കാരുകളോ തദ്ദേശാധികാരസ്ഥാപനങ്ങളോ പുറപ്പെടുവിച്ചതോ ഉണ്ടാക്കിയതോ ആയ നിയമങ്ങളോ ചട്ടങ്ങളോ ബൈലാകളോ റെഗുലേഷനുകളോ നിർവാഹക ഉത്തരവുകളോ മാർഗ്ഗനിർദ്ദേശരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കൽ,

എന്നീ കാര്യങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിക്കാവുന്നതും അവ സമുചിത അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതുമാണ്.

63. ***അധികാര സ്ഥാനങ്ങൾക്കും ആഫീസർമാർക്കും സിവിൽ കോടതിയുടെ ചില അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന്.***—മുഖ്യകമ്മീഷണർക്കും കമ്മീഷണർമാർക്കും ഈ ആക്റ്റ് പ്രകാരമുള്ള അവരുടെ ചുമതലകൾ നിർവഹിക്കുന്ന ആവശ്യത്തിലേക്കായി, താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച്, സിവിൽ നടപടി നിയമസംഹിത 1908 (1908-ലെ 5) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) സാക്ഷികളെ സമൺ ചെയ്യുന്നതും ഹാജരാക്കുന്നതും;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതും;

(ഗ) ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ, ഏതെങ്കിലും ആഫീസിൽനിന്നോ കോടതിയിൽ നിന്നോ ആവശ്യപ്പെടുന്നതും ;

(ഘ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതും ;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ നിയമിക്കുന്നതും.

(2) മുഖ്യകമ്മീഷണറുടെയും കമ്മീഷണർമാരുടെയും മുമ്പാകെയുള്ള ഓരോ നടപടിയും ഇന്ത്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യിലെ 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന നീതിന്യായ നടപടി അടങ്ങിയിരിക്കുന്നതും മുഖ്യകമ്മീഷണർ, കമ്മീഷണർ, ക്ഷമതയുള്ള അധികാരസ്ഥാനം എന്നിവരെ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും ആവശ്യങ്ങൾക്കായി, ഒരു സിവിൽ കോടതിയായി കരുതപ്പെടുന്നതും ആകുന്നു.

64. ***മുഖ്യകമ്മീഷണർ വാർഷിക റിപ്പോർട്ട് തയ്യാറാക്കണമെന്ന്.***—(1) മുഖ്യകമ്മീഷണർ, ഓരോ സാമ്പത്തിക വർഷവും കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും മുൻസാമ്പത്തിക വർഷത്തിലുള്ള തന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരങ്ങൾ നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അതിന്റെ ഒരു പകർപ്പ് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(2) കേന്ദ്രസർക്കാർ, ആ വാർഷിക റിപ്പോർട്ട്, കേന്ദ്രസർക്കാരിനെ സംബന്ധിച്ചിടത്തോളമുള്ള അതിലെ ശിപാർശയിൻമേൽ എടുത്തതോ എടുക്കാനുദ്ദേശിക്കുന്നതോ ആയ നടപടികൾ വിശദീകരിക്കുന്ന ശിപാർശകളും അങ്ങനെയുള്ള ഏതെങ്കിലും ശിപാർശയോ അതിന്റെ ഭാഗമോ സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണം ഏതെങ്കിലുമുണ്ടെങ്കിൽ അതും സഹിതം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാകുന്നു.

65. ***കമ്മീഷണർമാർ വാർഷിക റിപ്പോർട്ട് തയ്യാറാക്കണമെന്ന്.***—(1) കമ്മീഷണർ, ഓരോ സാമ്പത്തിക വർഷവും സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും മുൻ സാമ്പത്തിക വർഷത്തിലുള്ള തന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരങ്ങൾ നൽകുന്ന ഒരു വാർഷികറിപ്പോർട്ട് തയ്യാറാക്കേണ്ടതും, അതിന്റെ ഒരു പകർപ്പ് സംസ്ഥാനസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(2) സംസ്ഥാനസർക്കാർ, ആ വാർഷികറിപ്പോർട്ട്, സംസ്ഥാനസർക്കാരിനെ സംബന്ധിച്ചിടത്തോളമുള്ള അതിലെ ശിപാർശയിൻമേൽ എടുത്തതോ എടുക്കാനുദ്ദേശിക്കുന്നതോ ആയ നടപടികൾ വിശദീകരിക്കുന്ന ശിപാർശകളും അങ്ങനെയുള്ള ഏതെങ്കിലും ശിപാർശയോ അതിന്റെ ഭാഗമോ സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണം ഏതെങ്കിലുമുണ്ടെങ്കിൽ അതും സഹിതം സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്പ്പിക്കേണ്ടതാകുന്നു.

## അദ്ധ്യായം XIII

## സാമൂഹ്യ സുരക്ഷിതത്വം

66. ***സമുചിതസർക്കാരുകളും തദ്ദേശാധികാര സ്ഥാപനങ്ങളും പുനരധിവാസം ഏറ്റെടുക്കണമെന്ന്.***—(1) സമുചിതസർക്കാരുകളും തദ്ദേശാധികാര സ്ഥാപനങ്ങളും തങ്ങളുടെ സാമ്പത്തിക കഴിവിന്റെയും പുരോഗതിയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് വൈകല്യങ്ങളുള്ള എല്ലാ ആളുകളുടെയും പുനരധിവാസം ഏറ്റെടുക്കുകയോ ഏറ്റെടുപ്പിക്കുകയോ ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, സമുചിതസർക്കാരുകളും തദ്ദേശാധികാര സ്ഥാപനങ്ങളും സർക്കാരേതര സംഘടനകൾക്ക് ധനസഹായം നൽകേണ്ടതാകുന്നു.

(3) സമുചിതസർക്കാരുകളും തദ്ദേശാധികാര സ്ഥാപനങ്ങളും പുനരധിവാസ നയങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ വൈകല്യങ്ങളുള്ള ആളുകളുടെ കാര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരേതര സംഘടനകളുമായി കൂടിയാലോചിക്കേണ്ടതാകുന്നു.

67. ***വൈകല്യങ്ങളുള്ള ജീവനക്കാർക്ക് വേണ്ടിയുള്ള ഇൻഷുറൻസ് പദ്ധതി.***—(1) സമുചിത സർക്കാർ, വിജ്ഞാപനം വഴി, അതിന്റെ വൈകല്യങ്ങളുള്ള ജീവനക്കാരുടെ ഗുണത്തിനായി ഒരു ഇൻഷുറൻസ് പദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സമുചിതസർക്കാർ അതിന്റെ വൈകല്യങ്ങളുള്ള ജീവനക്കാർക്കുവേണ്ടി ഒരു ഇൻഷുറൻസ് പദ്ധതി തയ്യാറാക്കുന്നതിനുപകരം ഒരു ബദൽ സുരക്ഷിതത്വ പദ്ധതി തയ്യാറാക്കാവുന്നതാണ്.

68. ***തൊഴിലില്ലായ്മാ ബത്ത.***—(1) സമുചിതസർക്കാരുകൾ, തങ്ങളുടെ സാമ്പത്തിക കഴിവിന്റെയും പുരോഗതിയുടെയും പരിധിക്കുള്ളിൽനിന്നുകൊണ്ട്, രണ്ട് വർഷത്തിലേറെക്കാലമായി പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും ആദായകരമായ ഏതെങ്കിലും തൊഴിൽ നൽകപ്പെടുവാൻ സാധിക്കാത്തവരും ആയ വൈകല്യങ്ങളുള്ള ആളുകൾക്ക് ഒരു തൊഴിലില്ലായ്മാ ബത്ത കൊടുക്കുന്നതിനുവേണ്ടി ഒരു പദ്ധതി വിജ്ഞാപനംവഴി രൂപീകരിക്കേണ്ടതാകുന്നു.

## അദ്ധ്യായം XIV

## പലവക

69. ***വൈകല്യങ്ങളുള്ള ആളുകളെ ഉദ്ദേശിച്ചുള്ള ഏതെങ്കിലും ആനുകൂല്യങ്ങൾ വഞ്ചനാപരമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ശിക്ഷ.***—ഏതൊരാളാണോ വൈകല്യങ്ങളുള്ള ആളുകളെ ഉദ്ദേശിച്ചുള്ള ഏതെങ്കിലും ആനുകൂല്യം വഞ്ചനാപരമായി പ്രയോജനപ്പെടുത്തുകയോ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നത് അയാൾ രണ്ടു വർഷം വരെ ആകാവുന്ന കാലത്തെ തടവുശിക്ഷയ്ക്കോ ഇരുപതിനായിരം രൂപ വരെ ആകാവുന്ന പിഴ ശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

70. ***മുഖ്യകമ്മീഷണറും കമ്മീഷണർമാരും ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും പബ്ളിക് സർവന്റുമാരായിരിക്കുമെന്ന്.***—മുഖ്യകമ്മീഷണറും കമ്മീഷണർമാരും അവർക്ക് നൽകപ്പെട്ട മറ്റ് ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യിലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന പബ്ളിക് സർവന്റായി കരുതപ്പെടുന്നതാകുന്നു.

71. ***ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.***—കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരുകൾക്കോ, തദ്ദേശാധികാര സ്ഥാപനത്തിനോ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥനോ എതിരായി ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളോ ഉത്തരവുകളോ അനുസരിച്ച് ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

72. ***ആക്റ്റ് മറ്റ് ഏതെങ്കിലും നിയമത്തിനോട് കൂട്ടിച്ചേർക്കുന്നതാണെന്നും ന്യൂനത വരുത്തുന്നതല്ലെന്നും.***—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ, വൈകല്യങ്ങൾ ഉള്ള ആളുകളുടെ ഗുണത്തിനുവേണ്ടി നിയമമാക്കിയിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ ആയ തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിനോടോ അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോടോ ഉത്തരവിനോടോ നിർദ്ദേശങ്ങളോടോ കൂട്ടിച്ചേർക്കുന്നതും എന്നാൽ ന്യൂനത വരുത്തുന്നതല്ലാത്തതും ആകുന്നു.

73. ***സമുചിതസർക്കാരിന് ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.***—(1) സമുചിത സർക്കാരുകൾക്ക് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ട) ഖണ്ഡപ്രകാരം ഒരു സംസ്ഥാനസർക്കാരിനെയോ ഒരു യൂണിയൻ പ്രദേശത്തെയോ തെരഞ്ഞെടുക്കേണ്ട രീതി;

(ഖ) 4-ാം വകുപ്പ് (7)-ാം ഉപവകുപ്പു പ്രകാരം അംഗങ്ങൾക്ക് ലഭിക്കേണ്ട ബത്തകൾ;

(ഗ) കേന്ദ്ര ഏകോപന സമിതി 7-ാം വകുപ്പു പ്രകാരമുള്ള അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിച്ചട്ടങ്ങൾ ;

(ഘ) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ജ) ഖണ്ഡപ്രകാരം കേന്ദ്ര ഏകോപനസമിതി നിർവഹിക്കേണ്ട അങ്ങനെയുള്ള മറ്റ് ചുമതലകൾ ;

(ങ) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ജ) ഖണ്ഡപ്രകാരം ഒരു സംസ്ഥാനസർക്കാരിനെയോ ഒരു യൂണിയൻ പ്രദേശത്തെയോ തെരഞ്ഞെടുക്കേണ്ട രീതി ;

(ച) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം അംഗങ്ങൾക്ക് ലഭിക്കേണ്ട ബത്തകൾ ;

(ഛ) കേന്ദ്ര നിർവാഹക സമിതി 11-ാം വകുപ്പുപ്രകാരമുള്ള അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിച്ചട്ടങ്ങൾ ;

(ജ) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു വ്യക്തിയെ സഹകരിപ്പിക്കേണ്ടതിന്റെ രീതിയും ആവശ്യങ്ങളും ;

(ഝ) 12-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം കേന്ദ്ര നിർവാഹക സമിതിയുമായി സഹകരിക്കുന്ന ഒരു വ്യക്തിക്ക് ലഭിക്കേണ്ട ഫീസും ബത്തകളും ;

(ഞ) 14-ാം വകുപ്പ് (7)-ാം ഉപവകുപ്പുപ്രകാരം അംഗങ്ങൾക്ക് ലഭിക്കേണ്ട ബത്തകൾ ;

(ട) സംസ്ഥാന ഏകോപന സമിതി 17-ാം വകുപ്പു പ്രകാരമുള്ള അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിച്ചട്ടങ്ങൾ ;

(ഠ) 18-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡപ്രകാരം സംസ്ഥാന ഏകോപന സമിതി നിർവഹിക്കേണ്ട അങ്ങനെയുള്ള മറ്റ് ചുമതലകൾ;

(ഡ) 19-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം അംഗങ്ങൾക്ക് ലഭിക്കേണ്ട ബത്തകൾ;

(ഢ) സംസ്ഥാന നിർവാഹക സമിതി 21-ാം വകുപ്പു പകാരമുള്ള അതിന്റെ യോഗത്തിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിച്ചട്ടങ്ങൾ;

(ണ) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു വ്യക്തിയെ സഹകരിപ്പിക്കേണ്ടതിന്റെ രീതിയും ആവശ്യങ്ങളും;

(ത) 22-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന നിർവാഹക സമിതിയുമായി സഹകരിക്കുന്ന ഒരു വ്യക്തിക്ക് ലഭിക്കേണ്ട ഫീസുകളും ബത്തകളും;

(ഥ) ഓരോ സ്ഥാപനത്തിലെയും തൊഴിൽദായകൻ നൽകേണ്ട വിവരങ്ങളും റിട്ടേണും അങ്ങനെയുള്ള വിവരങ്ങളും റിട്ടേണും 34-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സമർപ്പിക്കേണ്ട പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും;

(ദ) 137-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു തൊഴിൽദായകൻ സൂക്ഷിക്കേണ്ട രേഖയുടെ ഫാറവും രീതിയും;

(ധ) 52-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നൽകേണ്ട അപേക്ഷയുടെ ഫാറവും രീതിയും;

(ന) 52-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു നിരസിക്കൽ ഉത്തരവ് അറിയിക്കേണ്ട രീതി;

(പ) 52-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഏർപ്പെടുത്തുവാനോ വച്ചുപുലർത്തി പോരുവാനോ ആവശ്യപ്പെട്ടിട്ടുള്ള സൗകര്യങ്ങൾ അല്ലെങ്കിൽ നിലവാരങ്ങൾ;

(ഫ) 52-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധുതയുടെ കാലയളവ്;

(ബ) 52-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ഗ) ഖണ്ഡപ്രകാരം ഏത് ഫാറത്തിലും ഏത് നിബന്ധനകൾക്കും വിധേയമായിട്ടാണ് ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്ന്;

(ഭ) 54-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഏത് കാലയളവിനുള്ളിലാണ് ഒരു അപ്പീൽ കൊടുക്കേണ്ടതെന്ന്;

(മ) 56-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം ഗുരുതരമായ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള ഒരു സ്ഥാപനം ഏതു രീതിയിലാണ് പരിപാലിക്കേണ്ടതെന്നും അനുസരിക്കേണ്ട നിബന്ധനകളും;

(യ) 57-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം മുഖ്യകമ്മീഷണറുടെ ശമ്പളവും ബത്തകളും മറ്റ് സർവ്വീസ് വ്യവസ്ഥകളും നിബന്ധനകളും;

(യക) 57-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സർവ്വീസ് നിബന്ധനകളും;

(യഖ) 58-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം മുഖ്യകമ്മീഷണർ കേന്ദ്രസർക്കാരിന് റിപ്പോർട്ട് നൽകേണ്ട ഇടവേളകൾ;

(യഗ) 60-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം കമ്മീഷണറുടെ ശമ്പളവും ബത്തകളും മറ്റ് സർവ്വീസ് വ്യവസ്ഥകളും നിബന്ധനകളും;

(യഘ) 60-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സർവ്വീസ് നിബന്ധനകളും;

(യങ) 61-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം കമ്മീഷണർ സംസ്ഥാനസർക്കാരിന് റിപ്പോർട്ട് നൽകേണ്ട ഇടവേളകൾ;

(യച) 64-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട ഫാറവും സമയവും;

(യഛ) 65-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട ഫാറവും സമയവും;

(യജ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയം.

(3) 33-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥയും, 47-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥയും പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനവും 27-ാം വകുപ്പ്, 30-ാം വകുപ്പ്, 38-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 42-ാം വകുപ്പ്, 43-ാം വകുപ്പ്, 67-ാം വകുപ്പ്, 68-ാം വകുപ്പ് എന്നിവ പ്രകാരം അത് തയ്യാറാക്കിയ ഏതൊരു പദ്ധതിയും, (1)-ാം ഉപവകുപ്പു പ്രകാരം അത് ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും ആ ചട്ടത്തിലോ വിജ്ഞാപനത്തിലോ പദ്ധതിയിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ വിജ്ഞാപനമോ പദ്ധതിയോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നെങ്കിൽ അതിനുശേഷം, ആ ചട്ടത്തിനോ വിജ്ഞാപനത്തിനോ പദ്ധതിക്കോ, അതത്സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അത്, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, അതത്സംഗതിപോലെ ആ ചട്ടത്തിനോ വിജ്ഞാപനത്തിനോ പദ്ധതിക്കോ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

(4) 33-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥയും 47-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥയും പ്രകാരം സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനവും 27-ാം വകുപ്പ്, 30-ാം വകുപ്പ്, 38-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 42-ാം വകുപ്പ്, 43-ാം വകുപ്പ്, 67-ാം വകുപ്പ്, 68-ാം വകുപ്പ് എന്നിവ പ്രകാരം അത് ഉണ്ടാക്കിയ ഏതൊരു പദ്ധതിയും (1)-ാം ഉപവകുപ്പുപ്രകാരം അത് ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, സംസ്ഥാന നിയമ നിർമ്മാണ മണ്ഡലത്തിന്റെ ഓരോ സഭയുടെയും മുമ്പാകെ, അത് രണ്ട് സഭകൾ അടങ്ങിയതാണെങ്കിൽ, അല്ലെങ്കിൽ അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലം ഒരു സഭ അടങ്ങിയതാണെങ്കിൽ, ആ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.